


ക്രിസ്തീയ
ന്യായവാദശാസ്ത്രം
Christian
Apologetics

Part
III

**നിങ്ങളിലുള്ള
പ്രത്യാശയെക്കുറിച്ചു
ന്യായം ചോദിക്കുന്ന
ഏവനോടും സൗമ്യതയും
ഭയഭക്തിയും പൂണ്ടു
പ്രതിവാദം പറയുവാൻ
എപ്പോഴും
ഒരുങ്ങിയിരിക്കുവിൻ
( 1 പത്രോസ് 3 : 15 )**

# ആത്മാഭിഷേകം

2016 ഓഗസ്റ്റ് വാല്യം 1 ലക്കം 8




പുതിയനിയമത്തിലെ വചനവ്യാഖ്യാനവും വചനചിന്തയും ദൈവരാജ്യത്തെപ്പറ്റിയും നിത്യതയെപ്പറ്റിയുമുള്ള പഠനങ്ങളും അനശ്വരങ്ങളാണ്, കട്ടിയായ ആഹാരം കഴിക്കുന്നതുപോലെയുമാണ്. 'ഫാസ്റ്റ് ഫുഡ്' കഴിക്കുന്നതുപോലെ അനായാസമല്ല, പുതിയനിയമപഠനവും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും ക്രിസ്തുവിന്റെ സ്നേഹമാസ്വദിക്കുന്നതും ക്രിസ്തുവഴി ദൈവമൊരുക്കുന്ന രക്ഷയിൽ ഇഴുകിച്ചേരുന്നതും. ക്രിസ്തുവിന്റെ പരിജ്ഞാനത്തിന്റെ ശ്രേഷ്ഠതയാൽ ആത്മികദൃഷ്ടി പ്രകാശിച്ചിട്ടുള്ളവർക്കു മാത്രമെ പുതിയനിയമഗ്രന്ഥങ്ങളോട് അഭിനിവേശം കൂടുതലുണ്ടാകൂ. ഈ അഭിനിവേശം ഒരു ആവേശവുമാണ്, പരിശുദ്ധാത്മ വെളിപ്പാടുമാണ്.

ഞാൻ കത്തോലിക്കാസഭയിലായിരുന്നപ്പോൾ ദൈവവചനം വായിക്കുമായിരുന്നു. പല കാര്യങ്ങളും ഗ്രഹിക്കുമായിരുന്നു. പക്ഷേ ദൈവവചനത്തിനല്ല പ്രാധാന്യമെന്നുംകൂദാശകൾക്കും പൗരോഹിത്യാനുസരണത്തിനും പാരമ്പര്യങ്ങൾക്കുമാണ് എന്നും കാലാകാലങ്ങളായി പലർ പറഞ്ഞ് പറഞ്ഞ്, അത് മനസ്സിനകത്ത് കാലവും സാത്താനും ചേർന്ന് ലബ്ധപ്രതിഷ്ഠമാക്കിവെച്ചിരുന്നതുകൊണ്ട്, വായിക്കുന്നതിന്റെ പരംപൊരുളുകളൊന്നും ഗ്രഹിക്കേണ്ടിടത്തോളം ഗ്രിച്ചിരുന്നില്ല. സഭാപരമായ കാര്യങ്ങൾക്ക് മെത്രാന്മാരും അച്ചന്മാരും കരിസ്മാറ്റിക് ലീഡേഴ്സും അമിതപ്രാധാന്യം കൊടുക്കുന്നത് തെറ്റാണെന്ന് കത്തോലിക്കാ കരിസ്മാറ്റിക് ധ്യാനകേന്ദ്രത്തിൽ വെച്ചുതന്നെ ബൈബിൾ പഠിച്ചപ്പോൾ (ഡിവൈൻ ധ്യാനകേന്ദ്രം, ചാലക്കുടി, കേരള) മനസ്സിലായി. അത് മനസ്സിലായപ്പോൾ "തിരുവെഴുത്തുകളെ തിരിച്ചറിയുന്നതിന്" (ലൂക്കോസ്.24:45) എന്റെ ബുദ്ധിയെ കർത്താവ് തുറന്നു തന്നു. അത് മനസ്സിലായപ്പോൾ, അഥവാ അക്കാര്യത്തിൽ പ്രത്യേക മാനസാന്തരം ഉണ്ടായപ്പോൾ, എല്ലാ കൂദാശകളേക്കാളും ഏതൊക്കെ പാരമ്പര്യങ്ങളോ അനുഷ്ഠാനങ്ങളോ ഉണ്ടോ



# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 3

അവയെക്കാളെല്ലാം വലുതാണ് തിരുവെഴുത്തുകളെ തിരിച്ചറിയുക എന്നത് എന്ന് എനിക്ക് മനസ്സിലായി. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു" (2 തിമോ.3:16,17).

തിരുവെഴുത്തുകളെല്ലാം ദൈവശ്വാസീയമാണ്; കൂദാശകളൊക്കെ മനുഷ്യശ്വാസീയവും. തിരുവെഴുത്തുകളിൽ പുതിയനിയമം, പഴയനിയമതിരുവചനങ്ങളേക്കാൾ, പാപവിമോചനവും, പരിശുദ്ധാത്മനിറവും, കൃപാസ്നേഹവും അനേകായിരങ്ങൾക്ക് സുവിശേഷം ഗ്രഹിക്കുവാനുള്ള സാധ്യതകൾ ഉണ്ടാക്കിക്കൊടുക്കുന്നതുമായതുകൊണ്ടാണ് കട്ടിയാഹാരമാണെന്ന് ആദ്യം തന്നെ എഴുതിയത്.

എബ്രായലേഖനത്തിൽ 1-ാം അദ്ധ്യായത്തിൽ 1 മുതൽ 3 വരെ വാക്യങ്ങളിൽ യേശുക്രിസ്തു പ്രവാചകന്മാരേക്കാൾ വലിയവനാണെന്ന് നാം വായിച്ച് ഗ്രഹിക്കുന്നു. അവൻ ദൂതന്മാരേക്കാൾ വലിയവനാണെന്ന് 1-ൽ 4-ാം വാക്യത്തിൽ ഉണ്ട്. 3-ാം അദ്ധ്യായത്തിൽ 1 മുതൽ 19 വരെ വാക്യങ്ങളിൽ മോശെയെക്കാൾ വലിയവൻ എന്നും 4-ാം അദ്ധ്യായത്തിൽ 1 മുതൽ 12 വരെ വാക്യങ്ങളിൽ യോശുവയെക്കാൾ വലിയവൻ എന്നും 5-ൽ 14-ലും 7-ൽ 18-ലും അഹറോനെക്കാൾ വലിയവൻ എന്നും ഉണ്ടല്ലോ. 7-ൽ 19-ലും 10-ൽ 39-ലും യഹൂദമതത്തിലെ കർമ്മങ്ങളേക്കാളും പഴയനിയമത്തെക്കാളും പുതിയനിയമം വലുത് എന്നെല്ലാം നാം വായിച്ചാലും ഏതൊക്കെയോ ബൈബിൾ പഠിപ്പീരുകാരുടെയും ഉപദേശിമാരുടെയും ഉള്ളിൽ പഴയനിയമത്തെക്കുറിച്ച് ഒരു ഭയം ഇരിക്കുന്നതുകൊണ്ട് അവർ "പഴയ"തിനെ ഭയപ്പാടോടെ പ്രസംഗിക്കുന്നു. എബ്രാ.7:19 – "ന്യായപ്രമാണത്താൽ ഒന്നും പൂർത്തി പ്രാപിച്ചിട്ടില്ലല്ലോ- നാം ദൈവത്തോടടുക്കുന്നതിനുള്ള ഏറെ നല്ല പ്രത്യാശയ്ക്ക് സ്ഥാപനവും വന്നിരിക്കുന്നു". 10:39-"നാമോ നാശത്തിലേക്ക് പിന്മാറുന്നവരുടെ കൂട്ടത്തിലല്ല വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു".

എല്ലാ പഴയനിയമകാല വിശുദ്ധന്മാരേക്കാളും യേശുക്രിസ്തുവിന്റെ ശ്രേഷ്ഠതയെത്രയാണെന്ന് എബ്രായലേഖനം 11-ൽ 1 മുതലും 12-ൽ 3-ാം വാക്യത്തിലും നാം തിരിച്ചറിയുന്നു. മാത്രമല്ല, പഴയനിയമത്തിലെ നിഴലുകളുടെയും സാദൃശങ്ങളുടെയുമെല്ലാം പൊരുൾ ക്രിസ്തുവാണെന്നും നാം തിരിച്ചറിയുന്നു. "അവനോ, വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ (പുതിയനിയമം) മദ്ധ്യസ്ഥനാകയാൽ അതിന്റെ

**ഉള്ളടക്കം**


സത്യദൈവശാസ്ത്രം ....................2-15
പ്രാർത്ഥനയാൽ കഞ്ഞിനെ ലഭിച്ചു ....................07
വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം കുഞ്ഞിനെ തന്നു....23
കാലിന്റെ ഒടിവിന് അത്ഭുതസൗഖ്യം....................26
നടുവേനക്ക് സൗഖ്യം ....................30
പ്രാർത്ഥനയാൽ കാലുകൾ ബലം പ്രാപിച്ചു....................31
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും....................16-20
സത്യദൈവശാസ്ത്രം.................... 21-33
വാർത്തകൾ.................... 34
പ്രോഗ്രാം കലണ്ടർ ....................35

# Christian Apologetics ക്രിസ്തീയ ന്യായവാദശാസ്ത്രം

## Part 3

വിശേഷതയ്ക്ക് ഒത്തവണ്ണം വിശഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു" (എബ്രാ.8:6). "ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നുവെങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കുകയില്ലായിരുന്നു'' (8:7). രണ്ടാമത്തേത് പുതിയനിയമവും ഒന്നാമത്തേത് പഴയനിയമവും. ഒന്നാമത്തേതിന് ഏതൊക്കെയോ കുറവുകൾ ഉണ്ടായിരുന്നു. പാപവിമോചനവും പരിശുദ്ധാത്മനിറവും സമ്പൂർണ്ണമായി ലഭിക്കുന്നത് പുതിയനിയമത്തിലെ ക്രിസ്തുവിന്റെ ക്രൂശിതമരണമാകുന്ന യാഗത്താലാണ്. ആ, കൂടുതൽ പുതിയനിയമത്തിലുണ്ട്. എബ്രായർ 1-ന്റെ 4-ൽ "ക്രിസ്തുവിനെപ്പറ്റി ദൈവദൂതന്മാരെക്കാൾ വിശിഷ്ടമായ നാമമെന്നുണ്ടുതാനും'' ക്രിസ്തു ആത്മാവായി വിശ്വസിക്കുന്നവരുടെ ഉള്ളിൽ വസിക്കുന്നു. ഇക്കാര്യം പുതിയനിയമത്തിലുണ്ട്. 1 കൊരി.3:16-ലും 6:19-ലും (ദൈവാത്മാവ്, ക്രിസ്തുവിന്റെ ആത്മാവ്) നാം ദൈവത്തിന്റെ മന്ദിരമാണെന്നുള്ളപ്പോൾ, പഴയനിയമത്തിലെ ദൈവസാന്നിധ്യം കാലഹരണപ്പെട്ട പഴയതായ നിയമമാണെന്ന്, അത് മാത്രം വായിക്കുന്നവരും അത് തന്നെ ആവർത്തിച്ചു പറയുന്നവരും ഓർക്കാതെ പോകുന്നു.

### ഹൃദയത്തിലെ എഴുത്ത്

"എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും" (എബ്രാ.10:16) എന്ന് കർത്താവിന്റെ അരുളപ്പാട്. 10:17,18 - "അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കുകയുമില്ല എന്ന് അരുളിച്ചെയ്യുന്നു. എന്നാൽ ഇവയുടെ മോചനം ഉള്ളേടത്ത് ഇനിമേൽ പാപങ്ങൾക്കുവേണ്ടി ഒരു യാഗവും ആവശ്യമില്ല" (എബ്രാ.8:10-12, യിര.31:33).

മോശയുടെ പ്രമാണങ്ങളിലെ പരിച്ഛേദനയും പെസഹായും പുതിയനിയമ വിശ്വാസികൾക്കില്ല. വിശ്വാസസ്നാനവും, കർത്തൃമേശയും, ശത്രുസ്നേഹവും ക്ഷമിക്കുന്ന സ്നേഹമുൾപ്പെടെയുള്ള "അഗാപ്പെ"യും ഒക്കെ പുതിയതായിട്ടുണ്ട്. പഴയ മോശൈക ന്യായപ്രമാണവ്യവസ്ഥകളുടെ സ്ഥാനത്ത് "പുതിയത്" (new) വന്നിരിക്കുന്നു. പുതിയത് ലഭിച്ചവർക്ക് "പുതിയ ഹൃദയമാ"ണുള്ളത്. "പുതിയ ആത്മാവാ"ണുള്ളത്. അവരുടെ പാട്ടും പുതിയതാണ്. അവരുടെ പ്രമാണവും പുതിയതാണ്. പ്രസംഗവും പ്രാർത്ഥനയും ആരാധനയുമെല്ലാം പുതിയതാണ്. ലോകസ്ഥാപനത്തിനുമുമ്പെ അവിടുത്തെ കരുണയാൽ വേർതിരിക്കപ്പെട്ടവരാണ് പുതിയവർ എന്ന് എഫേസ്യലേഖനം 1:14. ദൈവപിതാവ്, മദ്ധ്യസ്ഥനായ പുത്രന് കൊടുത്തവരാണീ പുതിയവർ (യോഹ.17:6). അവർ വിളിക്കപ്പെട്ടവരും മുന്നറിയപ്പെട്ടവരും ആണ് (റോമ.8:30). ഈ പുതിയവർ പണ്ട് ആചാരാനുഷ്ഠാനങ്ങൾ ചെയ്ത് ജീവിച്ചവരായിരുന്നു. അന്നവർക്കും അവരേപ്പോലെ ഇന്നുള്ള ജനകോടികൾക്കും "ബുദ്ധിപരമായ അറിവ്" ഏറെയാണ്, എന്നാൽ **ദൈവാത്മാവിന്റെ പരിജ്ഞാനം** ഒട്ടുമില്ല.

ദൈവാത്മാവിന്റെ പരിജ്ഞാനം ലഭിക്കുമ്പോൾ "തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു" (കൊലൊ.3:10). ദൈവം വിശ്വാസിക്ക് കൊടുക്കുന്ന "യഥാർത്ഥ സ്വർഗ്ഗത്തിൽ എത്തുന്നതിന്" മുമ്പുള്ള ഏറ്റവും വലിയ സ്വർഗ്ഗീയ അനുഭവമാണ്, സ്വർഗ്ഗീയ ഓഹരിയാണ് ഇത്.

സ്വർഗ്ഗം, സ്വർഗ്ഗീയോഹരി, നിത്യത, യഥാർത്ഥ പാപമോചനവഴി, പരിശുദ്ധാത്മാഭിഷേകം, വരദാനങ്ങളുടെ കരകവിഞ്ഞൊഴുക്ക്, അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും അനുഭവങ്ങൾ, സാത്താന്റെ ബന്ധനത്തിൽ നിന്നും ബന്ധിതരെ മോചിപ്പിക്കൽ, ഇതൊക്കെ എത്രയെത്ര വലിയ ആത്മീയാനുഭവങ്ങളാണ്. ദൈവം ഇവയൊക്കെ ആർക്കാണ് നല്കുന്നത്? പുതിയവർക്കാണ്, പുതിയനിയമവിശ്വാസികൾക്കാണ്, അഥവാ, പഴയനിയമവിശാലതക്കാർക്കല്ല. യഥാർത്ഥ മാനസാന്തരത്തിലേക്ക് വന്ന്, വീണ്ടും ജനനാനുഭവത്തിലേക്ക് ഉയർന്ന്, വിശ്വാസതലത്തിലും വിശുദ്ധിയുടെ തലത്തിലും ക്രിസ്തു എന്ന തലയോളം വളർന്നവർ എന്ന് കരുതപ്പെടേണ്ടവർക്കുള്ളതാണ്. എന്നു പറഞ്ഞാൽ, അവർ പഴയനിയമത്തെഉപേക്ഷിക്കണമെന്നോ, പഴയനിയമത്തിനെതിരെ

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 3

പ്രചരിപ്പിക്കുകയാണെന്നോ പറഞ്ഞുപരത്തുവാൻ പിശാച് വല്ലാതെ ശ്രമിക്കുന്നുണ്ട്. ചിലർ പഴയനിയമഗ്രന്ഥങ്ങൾ തന്നെ വായിച്ച്, പഠിച്ച് യഹോവ തന്നേ ദൈവമെന്ന് വിശ്വസിച്ച് പ്രചരിപ്പിച്ച് കഴിയുന്നു. വേറെ ചിലർ പഴയനിയമഗ്രന്ഥഭാഗം പുതിയനിയമഗ്രന്ഥഭാഗത്തിൽ നിന്നും അടർത്തിക്കളഞ്ഞ് അമിതമായ ആവേശം കാണിക്കുന്നു. വേറെ ചിലർ ഒരു സങ്കീർത്തനഭാഗം വായിക്കാതെയും പ്രസംഗിക്കാതെയും വല്ല ഗൗരവമുള്ള ശുശ്രൂഷയും ചെയ്തുപോയാൽ ഭയങ്കരപാപം ആകുമെന്ന് പ്രചരിപ്പിക്കുകയും അങ്ങനെ ചെയ്യുന്നവരെ ഉപദേശപ്പിശകുണ്ടാക്കുന്നവർ എന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്നു.

ഇതെല്ലാം സാത്താൻ ചെയ്യുന്ന ചതിയും വഞ്ചനയുമാണ്.

**നാം തിരിച്ചറിയേണ്ട സത്യങ്ങൾ**

1. യഹോവയും ക്രിസ്തുവും പരിശുദ്ധാത്മാവും ചേർന്ന ത്രീയേകദൈവമാണ് യഥാർത്ഥ ദൈവം. ഇവർ മൂവർക്കും പ്രത്യേകം പ്രത്യേകം ധർമ്മങ്ങൾ ഉള്ളപ്പോഴും ഓരോരുത്തരും പരസ്പരം ആലോചനയോടെയാണ് പ്രവർത്തിക്കുന്നത്. ഉദാഹരണത്തിന് "രക്ഷ" പ്ലാൻ ചെയ്തത് പിതാവാണെങ്കിൽ രക്ഷ ക്രൂശിൽ ആവിഷ്ക്കരിച്ചത് പുത്രനാണെങ്കിൽ, എല്ലാത്തിനും പശ്ചാത്തലമൊരുക്കിയതും കാവലും കരുതലുമൊരുക്കിയതും പരിശുദ്ധാത്മാവാണ്. പക്ഷേ. അവർ ഏകദൈവമായിട്ടിരിക്കുന്നു.

നാം സത്യസഭയിലാണെങ്കിൽ, സഭയുടെ തല ക്രിസ്തുവാണെന്നും, പരിശുദ്ധാത്മനിറവോടെയാണ് അനുദിനജീവിതവും ശുശ്രൂഷയും വേണ്ടതെന്നും ആത്മാവിലും സത്യത്തിലുമാണ് പിതാവിനെ ആരാധിക്കേണ്ടതെന്നും തിരിച്ചറിയേണ്ടതുണ്ട്. കാരണം, ദൈവം ആത്മാവാണ് (2 കൊരി.3:17, യോഹ.4:24).

2. പാപം ചെയ്യാതെയും പ്രവർത്തിക്കാതെയും ചിന്തിക്കാതെയും ഇരിക്കുക എന്നതാണ് വിശുദ്ധിയുടെ ആദ്യഭാഗം. കൃപയാൽ മാത്രമെ ഇത് കഴിയൂ. മനുഷ്യൻ എത്ര തവണ പ്രതിജ്ഞ എടുത്താലും പാപം ചെയ്തുപോകും. എന്നാൽ, ക്രിസ്തു വഴിയുള്ള കൃപ പരിശുദ്ധാത്മസഹായത്തോടെ നമ്മെ തഴുകിത്തഴുകി നിൽക്കുന്ന ആത്മസ്ഥിതിയുണ്ടായാൽ പാപത്തെ കൃപയാൽ മത്സരിച്ച് മത്സരിച്ച് പരാജയപ്പെടുത്തുവാൻ കഴിയും. അതാണ് യഥാർത്ഥ മാനസാന്തരവും, വീണ്ടുംജനനവും.

3. ദൈവവചനത്തെ പഴയനിയമ പുതിയനിയമ വ്യത്യാസം കൂടാതെ നാം അനുസരിക്കുക തന്നെ വേണം. എന്നാൽ പുതിയനിയമവായനയും ഉപയോഗവും വളരെ കൂടുതലായിരിക്കണം. കാരണം നിറവേറുവാനുള്ള പ്രവചനമായ കർത്താവിന്റെ വീണ്ടും വരവും, അന്തിക്രിസ്തുവിന്റെ മഹോപദ്രവകാലവും, സഹസ്രാബ്ദയുഗവും ഒക്കെ പുതിയനിയമത്തിലാണ് കൂടുതലായി എഴുതിവച്ചിരിക്കുന്നത്. മാത്രമല്ല പഴയനിയമത്തിലവിടവിടെയായി പ്രവചനപരാമർശമുള്ള ക്രിസ്തുവിന്റെ ക്രൂശിതമരണവും ഉത്ഥാനവും പിതാവിന്റടുത്തിരുന്നുകൊണ്ടുള്ള, പൗരോഹിത്യ മാദ്ധ്യസ്ഥ്യ ശുശ്രൂഷയും പരിശുദ്ധാത്മാവിനെ അയച്ചതും ഒക്കെ പുതിയനിയമത്തിലെ പ്രത്യേക ശുശ്രൂഷയാണ്, അവയുടെ സാദൃശ്യങ്ങൾ മാത്രമേ പഴയനിയമത്തിലുള്ളൂ.

4. ഒരു ക്രിസ്ത്യാനി യഥാർത്ഥ വിശ്വാസത്തിന്റെ ഉടമ ആയിരിക്കണം. വിശ്വാസത്താലാണ് നാം ദൈവത്തെ ആരാധിക്കുന്നത്. കാണാൻ പറ്റുന്നില്ലല്ലോ ദൈവത്തെ. വിശ്വാസത്താലാണ് ദൈവാത്മാവിന്റെ നിറവ് അനുഭവിക്കുന്നത്. വിശ്വാസത്താലല്ലേ, സ്വർഗ്ഗം കിട്ടുമെന്ന് പ്രത്യാശിക്കുന്നത്. വിശ്വാസത്താലല്ലേ വീര്യപ്രവർത്തികൾ നടക്കുമെന്ന് പ്രതീക്ഷിച്ച് പ്രാർത്ഥിക്കുന്നത്. സ്വാഭാവികമായ വിശ്വാസത്താലാണ്. സ്നേഹമുള്ള വ്യക്തിക്ക് പണം കടം കൊടുക്കുന്നതെങ്കിൽ, ദൈവവിശ്വാസത്താലാണ് മറ്റുള്ളവരോട് എല്ലാം മറന്ന് പൊറുത്ത് ക്ഷമിച്ച് പെരുമാറുന്നത്. വിശ്വാസത്തോടെ വചനമനുസരിക്കുമ്പോഴാണ് വിശുദ്ധിയും പൂർണ്ണമാകുന്നത്. നമുക്ക് ചുറ്റുമുള്ള അസ്വസ്ഥമായ സാഹചര്യങ്ങളും, സാത്താന്യ അഴിഞ്ഞാട്ടങ്ങളും കാണുമ്പോൾ, സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി സീയോനിലേക്ക് യാത്ര ചെയ്യാൻ നമ്മെ ഒരുക്കുന്ന ഘടകം




വിശ്വാസമാണ്.

5. പരിശുദ്ധാത്മാവിലായിരിക്കണം ക്രിസ്ത്യാനിയുടെ ജീവിതം. ആത്മാവിലായിരിക്കണം ആരാധന. ആത്മാവിലായിരിക്കണം സ്നേഹം. ആത്മാവിലായിരിക്കണം, സുവിശേഷപ്രവർത്തനം. എല്ലാം ആത്മാവിലാകാൻ ദൈവകൃപയോടെ സാധിച്ചാൽ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പരമസാന്നിധ്യം നമ്മുടെ ആത്മാവിലുണ്ടാവുക തന്നെ ചെയ്യും. ജഡമോഹങ്ങൾക്കോ ധനാധികാരമോഹങ്ങൾക്കോ വർഗ്ഗ-വർണ്ണ ചിന്തകൾക്കോ ഒന്നിനും പിന്നെ നമ്മിൽ ഒട്ടും തന്നെ സ്ഥാനമുണ്ടാകുകയില്ല. നാം ആത്മാവിലാണെങ്കിൽ ദുരാത്മാവ് പട്ടിണിയിലായിക്കൊള്ളും.

**എബ്രായലേഖനം 11-ാം അദ്ധ്യായവും സത്യവ്യാഖ്യാനവും**

എബ്രായലേഖനം 11-ാം അദ്ധ്യായത്തിലെ പ്രസിദ്ധവചനങ്ങളെ പഠിക്കണമെങ്കിൽ 12-ാം അദ്ധ്യായത്തിലെ 2-ാം വാക്യം പഠിക്കണം. "വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക".

അതായത്, ഒരാൾക്ക് ഏതറ്റം വരെ വിശ്വാസത്താൽ മുന്നേറാം? വിശ്വാസത്തിന്റെ സമ്പൂർണ്ണനായകൻ, സമ്പൂർണ്ണമാതൃക ആരാണ്? ജീവിതത്തിന്റെ അന്ത്യഘട്ടം വരെ വിശ്വാസത്തെ തള്ളിപ്പറയാതെ സ്ഥിരതയോടെ നിന്നതായി ആരെങ്കിലുമുണ്ടോ? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറയുകയാണ് അപ്പൊസ്തലനായ പൗലൊസ്. യേശുവിനെ നോക്കുക എന്നാണല്ലോ പറഞ്ഞത്.

11-ാം അദ്ധ്യായത്തിൽ പറഞ്ഞ വിശ്വാസവീരന്മാരാരിലേക്കുമായിരിക്കരുത് നോട്ടം. പടയാളികളുടെ നോട്ടം സൈന്യാധിപനിൽത്തന്നെ ആയിരിക്കണം, സഹപ്രവർത്തകരിൽ ആകരുത്. എന്നതുപോലെ നമ്മുടെ നോട്ടം കർത്താവായ യേശുക്രിസ്തുവിലേക്ക് മാത്രം. അപ്പോൾ യേശുക്രിസ്തുവിനെപ്പറ്റി പ്രവചനപ്രകാരം ചില കാര്യങ്ങൾ പറഞ്ഞ പഴയനിയമത്തിലേക്കോ മുഴുവൻ കാര്യങ്ങൾ പറഞ്ഞ പുതിയനിയമത്തിലേക്കോ നാം കൂടുതൽ അടുക്കേണ്ടത്? വിശ്വാസത്തിന്റെ നായകൻ എന്നപോലെയുള്ള പ്രയോഗങ്ങൾ ശ്രദ്ധിക്കാം. അപ്പൊസ്തലപ്രവൃത്തി 3:15-ൽ ജീവനായകൻ എന്നും എബ്രായർ 2:10-ൽ രക്ഷാനായകൻ എന്നും കാണുന്നു. എബ്രായർ 11-ാം അദ്ധ്യായത്തിലെ വിശ്വാസവീരന്മാരിൽ ആരെയും നായകസ്ഥാനത്തക്ക് ഉയർത്തിയില്ല. യേശുവിനെ മാത്രമാണുയർത്തിയത്.

വിശ്വാസമെന്നത് ജീവിതത്തിലുടനീളം ആവശ്യമായ ഒരു കാര്യമാണ്. ഒരത്യാവശ്യം വരുമ്പോഴോ ആപത്തു വരുമ്പോഴൊ വലിയ രോഗവേദനകൾ വരുമ്പോഴൊ ഉപയോഗിക്കുന്ന വിശ്വാസവും വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥനയുമല്ല യഥാർത്ഥ വിശ്വാസം. അത് ദൈവത്തോടുള്ള ഏറ്റവുമടുത്ത ബന്ധമാണ്. പാപത്തിനെതിരെയും സാത്താനെതിരെയുമുള്ള ശക്തമായ വെല്ലുവിളിയാണ്. ബേത്‌ലഹേം മുതൽ കാൽവരി വരെയും, കാൽവരി മുതൽ വീണ്ടുംവരവ് വരെയും, അന്നും പിന്നെയെന്നും, പിതാവിനെ വിശ്വസിച്ച് ആവിഷ്ക്കരിക്കുന്ന കാര്യത്തിൽ യേശു എന്നും മുൻപന്തിയിലാണ്. ദൈവത്തോടുള്ള കൂട്ടായ്മത്തം മാത്രമല്ല, ആശ്രയിക്കലിലും അനുസരിക്കുന്നിടത്തും, ചിന്തിക്കുന്നിടത്തും എല്ലാം യേശു പഴയനിമയകാല വിശുദ്ധന്മാരെയെല്ലാം പിമ്പിലാക്കുക തന്നെ ചെയ്തു.

എന്താണ് വിശ്വാസജീവിതം? സമ്പൂർണ്ണമായും ദൈവത്തിന്റെ അസ്ഥിത്വത്തിൽ ലയിച്ച്, സമ്പൂർണ്ണമായ ആരാധയിലധിഷ്ഠിതമായ സ്നേഹം, പ്രത്യാശ എന്നിവയോട് ആത്മീയമായി ഇഴുകിച്ചേരുന്നതാണത്. കഷ്ടം എത്ര സഹിക്കേണ്ടി വന്നാലും സന്തോഷത്തോടെ ഏറ്റെടുക്കുമ്പോൾ വിശ്വാസജീവിതത്തിന് മാറ്റ് കൂടുക തന്നെ ചെയ്യും. അപമാനവും പരിഹാസവും നിന്ദയും സഹിക്കുവാൻ കഴിയുന്നതിന്റെ പരമാവധി ആയിരുന്നു, ക്രൂശിതമരണത്തിലൂടെ യേശു അനുഭവിച്ചത്. യോഹ.18:11-ൽ യേശു പറഞ്ഞത് "പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ" എന്നാണ്. പിതാവ് നൽകിയ പാനപാത്രം മടികൂടാതെയും സന്തോഷത്തൊടെയും കുടിച്ചതുകൊണ്ട് മത്താ.16:24-ൽ തന്റെ അന്നത്തെ




ശിഷ്യന്മാരോടും ഇന്നത്തെ വിശ്വാസികളുൾപ്പെടെയുള്ളവരോടും അവിടുന്ന് ഇപ്രകാരം പറയുകയുണ്ടായി. "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ".

യഥാർത്ഥത്തിൽ ലോകത്തിലുടനീളം ദൈവാലോചനയുടെ കാര്യത്തിൽ മനുഷ്യഹൃദയങ്ങളിൽ രൂഢമൂലമായ പല പല വിശ്വാസത്യാഗങ്ങൾ ഉണ്ട് (വിശ്വാസസത്യങ്ങളല്ല). ക്രിസ്തീയതയെ സംബന്ധിച്ചുള്ളവയിൽ തെറ്റിനെ ശരിയാക്കിവെച്ച ചിലതിനെ പറയാം.

1. മരിച്ചുപോയിട്ട്, സഭ അംഗീകരിക്കുന്ന, അത്ഭുതം പോലെയുള്ളവ ചെയ്യുന്ന മറിയം, സെന്റ് ജോർജ്ജ്, പരുമലത്തിരുമേനി പോലെയുള്ളരോട് മാദ്ധ്യസ്ഥ്യം യാചിക്കാം; പ്രത്യേകിച്ചും ദൈവമാതാവായി കരുതുന്ന മറിയത്തോട്.

2. വൈദികർ അനുഷ്ഠിക്കുന്ന കുമ്പസാരം, കുർബ്ബാന, തീർത്ഥാടനം കുരിശുമലകയറ്റം, ജപമാല ചൊല്ലൽ പോലെയുള്ള അനുഷ്ഠാനങ്ങളിലൂടെ പാപമോചനം ലഭിക്കും.

3. മരിച്ചവർക്കുവേണ്ടി കർമ്മങ്ങൾ ചെയ്യണം.

4. ത്രിത്വം എന്നൊക്കെപ്പറഞ്ഞാലും യഹോവ എന്ന ദൈവപിതാവ് തന്നെയാണ് "ഇമ്മിണി വലിയ ദൈവം."

5. പുതിയനിയമം പുതിയനിയമം തന്നെയാണ്, പക്ഷേ പഴയനിമയത്തിനത്രേ പ്രാധാന്യം. യിസ്രയേൽ ജനം ചെങ്കടൽ കടന്ന സംഭവവും, സമാഗമനകൂടാരത്തിന്റെ നിർമ്മാണവും, ഏലിയാവ് 'തീ' ഇറക്കിയതും, ദാവീദിന്റെ കരളലിയിക്കുന്ന സങ്കീർത്തനങ്ങളും ഭയത്തോടും വിറയലോടുംകൂടിയല്ലാതെ എങ്ങനെ അനുസ്മരിക്കും?

പുതിയനിയമത്തിലെ പൗലൊസിന്റെ ലേഖനങ്ങൾ, പ്രത്യേകിച്ചും റോമാ ലേഖനം, എഫേസ്യലേഖനം, എബ്രായലേഖനം മുതലായവ പഠിച്ചുകഴിയുമ്പോഴാണ് നമ്മുടെ അന്തരംഗം സത്യത്തിന്റെ വെളിപ്പാടുകൾകൊണ്ട് നിറയുന്നത്. ചിലർ പഴയനിയമത്തോടുള്ള, എളുപ്പമാനസാന്തരം കൊണ്ടും,



**പ്രാർത്ഥനയാൽ കുഞ്ഞിനെ ലഭിച്ചു.**

എന്റെ പേര് മോൻസി. ഭാര്യയുടെ പേര് ജിൻസി. 4 വർഷം മുമ്പ് കർത്താവ് ഞങ്ങളുടെ ജീവിതത്തിൽ ചെയ്ത വലിയ ഒരു അത്ഭുതത്തെക്കുറിച്ചാണ് പ്രിയ ആത്മാഭിഷേകം വായനക്കാരോട് പങ്കുവെയ്ക്കുവാനാഗ്രഹിക്കുന്നത്. 4 വർഷം മുമ്പ് കൊല്ലം ചിന്നക്കടയിലുള്ള YMCA ഓഡിറ്റോറിയത്തിൽ കടന്നുചെല്ലുമ്പോൾ ഒരു കുഞ്ഞിനെ ലഭിക്കാത്ത ദുഃഖം ഞങ്ങളിൽ നിറഞ്ഞുനിന്നിരുന്നു. ചെയ്ത ചികിത്സകളൊന്നും ഫലം കാണാതെ വന്നപ്പോൾ കുഞ്ഞുങ്ങളില്ലാതെ വിഷമിച്ചുകൊണ്ടിരിക്കുന്ന അനേകരെപ്പോലെ ഞങ്ങളും നിരാശയിലാണ്ടുപോകുമോ എന്ന് ഭയപ്പെട്ടിരുന്നു. മുല്ലക്കരസാറിലൂടെ സത്യവചനം കേട്ടപ്പോൾതന്നെ ഇദ്ദേഹം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാൽ കർത്താവ് ഞങ്ങൾക്ക് കുഞ്ഞിനെ തരുമെന്ന് ഞങ്ങൾക്ക് വിശ്വസിക്കുവാൻ സാധിച്ചു. അങ്ങനെ സാർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്കുശേഷം സാർ പറഞ്ഞു നിങ്ങൾക്ക് ഈ 2012-ൽ കർത്താവ് കുഞ്ഞിനെ തരുമെന്ന്. അപ്രകാരം സാറിലൂടെ ദൈവം ഞങ്ങൾക്ക് നൽകിയ വാഗ്ദാനം ദൈവം തന്റെ കരുണയാൽ സ്ഥിരീകരിച്ചു. അത് സാക്ഷ്യപ്പെടുത്താനായി ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്ന് ഞങ്ങൾക്ക് ഇന്ന് ഹൃദയപൂർവ്വം പറയുവാൻ സാധിക്കുന്നു. അനുഗ്രഹിച്ച ദൈവത്തിന് ഒരായിരം നന്ദി.

**മോൻസി & ജിൻസി, അയനുവിള പുത്തൻവീട്**
**കുന്നത്തൂർ, കൊല്ലം, Ph:9744537979**

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 3

ഉപദേശഭയപ്പെടുത്തലുകൾകൊണ്ടും, ആ ഒരു സങ്കീർത്തനസംസ്ക്കാരം തുടർന്നുപോകുന്നതുകൊണ്ടും പുതിയനിയമം, പ്രത്യേകിച്ചും ലേഖനങ്ങൾ പഠിച്ച് പഠിപ്പിക്കുന്നത് 'ഉപദേശപ്പിശകുകൾ' ആകുമെന്ന് ഭയപ്പെടുകയു മറ്റും ചെയ്യുന്നു.

**എബ്രായലേഖനം 8-ാം അദ്ധ്യായം**

1. നാം ഈ പറയുന്നതിന്റെ സാരം എന്തെന്നാൽ: ''സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലതുഭാഗത്ത് ഇരുന്നവനായി, വിശുദ്ധസ്ഥലത്തിന്റെയും മനുഷ്യനല്ല, കർത്താവ് സ്ഥാപിച്ച സത്യകൂടാരത്തിന്റെയും ശുശ്രൂഷകനായ മഹാപുരോഹിതൻ നമുക്കുണ്ട്. ഏത് മഹാപുരോഹിതനും വഴിപാടും യാഗവും അർപ്പിപ്പാൻ നിയമിക്കപ്പെടുന്നു. ആകയാൽ അർപ്പിപ്പാൻ ഇവനും വല്ലതും വേണം. അവൻ ഭൂമിയിൽ ആയിരുന്നെങ്കിൽ, പുരോഹിതൻ ആവുകയില്ലായിരുന്നു. ന്യായപ്രമാണപ്രകാരം വഴിപാട് അർപ്പിക്കുന്നവർ ഉണ്ടല്ലോ. കൂടാരം തീർപ്പാൻ മോശെ ആരംഭിച്ചപ്പോൾ പർവ്വതത്തിൽ നിനക്ക് കാണിച്ച മാതൃക പ്രകാരം നീ സകലവും ചെയ്‌വാൻ നോക്കുക എന്ന് അവനോട് അരുളിച്ചെയ്തതുപോലെ, അവർ സ്വർഗ്ഗീയത്തിന്റെ ദൃഷ്ടാന്തവും നിഴലുമായതിൽ ശുശൂഷ ചെയ്യുന്നു. അവനോ വിശേഷതയേറിയ വാഗ്ദാനങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മദ്ധ്യസ്ഥനാകയാൽ അതിന്റെ വിശേഷതയ്ക്ക് ഒത്തവണ്ണം വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു. ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നുവെങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കുകയില്ലായിരുന്നു" (1-7).

ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ മേന്മ എന്ന വിഷയം കഴിഞ്ഞ ചില അദ്ധ്യായങ്ങളിൽ വിവരിച്ചശേഷം 8-ലും തുടരുകയാണ്. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ നിഴലാണ് അഹറോനെങ്കിൽ അവന്റെ ആളത്വത്തിന്റെ നിഴലാണ് മൽക്കീസേദക്ക്. മൽക്കീസേദക്കിന്റെയും അഹറോന്റെയും യഥാർത്ഥ പൊരുൾ ക്രിസ്തുവാണ്. ഒന്നും രണ്ടും വാക്യങ്ങളിൽ: അഹറോന്യ പുരോഹിതന്മാർ, ആണ്ടിലൊരിയ്ക്കൽ ഭയത്തോടും വിറയലോടും അതി പരിശുദ്ധ സ്ഥലത്തേക്ക് പ്രവേശിച്ച് ശുശ്രൂഷ ചെയ്യാൻ നില്ക്കുമ്പോൾ ക്രിസ്തുവാകട്ടെ, തന്നെ ഏല്പിച്ച ശുശ്രൂഷദൗത്യം തൃപ്തിയോടെ നിർവ്വഹിച്ച ശേഷം ശ്രേഷ്ഠ മഹാപുരോഹിതനായി സ്വർഗ്ഗത്തിൽ സാക്ഷാൽ മഹിമാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. യഥാർത്ഥ ലേവ്യാ പൗരോഹിത്യം മാറിപ്പോയിരിക്കുന്നു. അങ്ങനെ മാറിയതോടുകൂടി "നിയമ"വും മാറി., വിശുദ്ധമന്ദിരവും മാറി, യാഗവും മാറി.

ദൈവത്തിന്റെ പൂർണ്ണമഹത്വവും തേജസ്സും വെളിപ്പെടുന്നത് സ്വർഗ്ഗത്തിലാണല്ലോ. ഈ സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ടാണ് ശ്രേഷ്ഠമഹാപുരോഹിതനയ ക്രിസ്തു തന്റെ സഭയ്ക്ക് വേണ്ടി ശുശ്രൂഷ ചെയ്യുന്നത്. യിസ്രയേലിന്റെ മഹാപുരോഹിതനായ അഹറോൻ അവരുടെ സകല പാപങ്ങൾക്കുംപരിഹാരമായകാളയുടെയോ ആട്ടുകൊറ്റന്റേയോ രക്തവുമായി അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ, സ്വർഗ്ഗമാകുന്ന അതിവിശുദ്ധമന്ദിരത്തിലേക്ക് യാഥാർത്ഥ മഹാപുരോഹിതനായ യേശുക്രിസ്തു തന്റെതന്നെ വിലയേറിയ രക്തവുമായി പ്രവേശിച്ചിരിക്കുന്നു.

**സത്യകൂടാരം : (True tabernacle)** : നമ്മുടെ രക്ഷകനും കർത്താവും ദൈവവുമായ യേശുക്രിസ്തുവിന്റെ, ക്രൂശിൽ തകർക്കപ്പെട്ട സത്യകൂടാരമായ മനുഷ്യശരീരം. ഈ ശരീരത്തിലാണ് യേശു നമ്മുടെയിടയിൽ കൂടാരമടിച്ചത്. എബ്രാ.9:11-ൽ വലിപ്പവും തികവുമേറിയ കൂടാരം എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തുവിന്റെ ക്രൂശിതശരീരത്തെപ്പറ്റിയാണ്. ദൈവം യിസ്രായേലിന് കൊടുത്ത സമാഗമനകൂടാരം യേശുവിന്റെ നിഴലാണ്. സമാഗമനകൂടാരം ദൈവപിതാവിന് അവരുടെ മദ്ധ്യത്തിൽ വസിക്കുവാൻ വേണ്ടിയായിരുന്നു (പുറ.25:9, 29:44). എന്നാൽ ഈ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ക്രിസ്തുവിൽ സമ്പൂർണ്ണമായും വസിക്കുന്നു (കൊലൊ.2:9). യോഹന്നാൻ 1:14-ൽ "ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏക ജാതനായവന്റെ തേജസ്സായികണ്ടു."സമാഗമനകൂടാരത്തിൽ

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 3

യാഗങ്ങളും ധൂപാർപ്പണങ്ങളും അതിവിശുദ്ധമായി നടന്നിരുന്നു. പക്ഷേ ക്രിസ്തുവോ? തന്റെ ദേഹം യാഗമായി, സൗരഭ്യമുള്ള യാഗമായി സ്വയം ദൈവത്തിന് അർപ്പിച്ചു (എബ്രാ.5:7, 10:5). നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവാകട്ടെ സ്വയം ക്രൂശിക്കപ്പെടുക എന്ന യാഗം അർപ്പിച്ചിട്ട് പിതാവിന്റടുത്തിരുന്ന് വീണ്ടും ശുശ്രൂഷ തുടരുകയാണ്.

**വഴിപാടും യാഗവും**

വഴിപാടും യാഗവും തനിക്കുവേണ്ടി അർപ്പിക്കുവാനാണ് പഴയനിയമകാല പുരോഹിതന്മാരെ ചുമതലപ്പെടുത്തിയതും സമാഗമനകൂടാരം പണിഞ്ഞതും. പൂർത്തീകരിക്കാൻ കഴിയാത്ത പൗരോഹിത്യം ഏറ്റ് മൺമറഞ്ഞവരാണ് പഴയനിയമകാല മഹാപുരോഹിതന്മാർ. അവരെല്ലാം ക്രിസ്തുവിന്റെ നിഴലുകളായിരുന്നു. എന്നാൽ മൺമറഞ്ഞിട്ടും ഉത്ഥാനം ചെയ്ത യഥാർത്ഥ മഹാപുരോഹിതനാണ് നമുക്കാവശ്യം. അതാണ് യേശുക്രിസ്തു. യേശുക്രിസ്തു എന്ന പൊരുൾ, ന്യായപ്രമാണപ്രകാരമുള്ള വഴിപാടല്ല സമർപ്പിച്ചത്. തന്നെത്താൻ (സ്വയം) അർപ്പിക്കുകയായിരുന്നു. (7:27). അർപ്പകനും ക്രിസ്തു, അർപ്പണവസ്തുവും ക്രിസ്തു (ഗലാ.2:20). ആ ക്രൂശിലെ യാഗത്തെയാണ് കർത്തൃമേശയിലൂടെ നാം അനുസ്മരിക്കുന്നത്. സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് കർത്താവ് ദിവസംതോറുമോ വല്ലപ്പോഴുമോ യാതൊരു ബലിയും പ്രായശ്ചിത്തബലിയും അർപ്പിക്കുന്നില്ല. മല്ക്കിസേദക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യവും നിർവ്വഹിക്കുന്നത് ഭൂമിയിലോ ഭൂമിയിലെ പള്ളികൾക്കകത്തോ അല്ല, സ്വർഗ്ഗത്തിലാണ്. ലേവിഗോത്രത്തോട് കർത്താവിനൊരു ബന്ധവുമില്ല. അവൻ യൂദാഗോത്രക്കാരനാണ്. ലേവ്യാപുരോഹിതന്മാർ അന്ന് നിഴലായ കൂടാരത്തിൽ യാഗനിഴലുകൾ അർപ്പിക്കുക മാത്രമാണ് ചെയ്തത്. യേശു എന്ന മഹാപുരോഹിതനാകട്ടെ പരംപൊരുളായ യാഗമായ, ക്രൂശിതബലിയർപ്പിച്ചിട്ട് സത്യകൂടാരത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇതൊക്കെയാണ് സത്യങ്ങൾ, ഭൂമിയിൽ ഒരേയൊരു അഭിഷിക്ത ശുശ്രൂഷകനേയുള്ളൂ. യേശു മാത്രം. അവൻ പഴയനിമയസന്ദർഭങ്ങളും തിരുവെഴുത്തുകളും പലപ്പോഴും ഉദ്ധരിക്കുകയും യഹോവയോട് ഭയഭക്തിബഹുമാനാദരവോടുകൂടി പെരുമാറുകയും ചെയ്യുന്നുണ്ടെങ്കിലും പഴയനിയമഗ്രന്ഥങ്ങളെ അംഗീകരിച്ചുകൊണ്ട് ബൈബിൾ അത്രയും മതി എന്ന് തീരുമാനിക്കാതെ പുതിയനിയമഗ്രന്ഥങ്ങൾ ഇരുപത്തിയേഴുകൂടി എഴുതിതീർപ്പിച്ച്, പരിശുദ്ധാത്മാവിനെകൂടി നുക്ക് പകർന്നു തന്നിട്ടും മതിയാകാതെ. തന്റെ മണവാട്ടിസഭയെ എടുത്തുകൊണ്ടു പോകുവാൻ വീണ്ടും വരുവാൻ ഇരിക്കുകകൂടിയാണ്.

അപൂർണ്ണമായ പാപമോചനാവസ്ഥയും അപൂർണ്ണമായ പരിശുദ്ധാത്മപ്രേഷണസംവിധാനവും മാത്രമല്ല പിതാവ് ആഗ്രഹിച്ചത്. പഴയനിയമംകൊണ്ട് അത്രയൊക്കെയേ വിഭാവനം ചെയ്തുള്ളൂ. പിതാവ് ആഗ്രഹിച്ചത് സമ്പൂർണ്ണരക്ഷയാണ്, സമ്പൂർണ്ണനിത്യതയാണ്. ആ സമ്പൂർണ്ണരക്ഷയുടെ സമ്പന്നമായ ആത്മനിറവ് അനുഭവിച്ചവർ പുതിയനിയമ ദൈവീകവെളിപ്പാടുകളെ രുചിച്ച് ആരാധിക്കുന്നതിനിടയിൽ, പഴയനിയമവെളിപ്പാടുകൾക്കായി സമയം ചിലവഴിച്ചില്ലെങ്കിൽ നാം അവരെ കുറ്റപ്പെടുത്തകയല്ല വേണ്ടത്, അവരോട് ചേർന്ന് ദൈവത്തെ കൂടുതൽ കൂടുതൽ മഹത്വപ്പെടുത്തുകയാണ് വേണ്ടത്. കല്ലുകൾ പെറുക്കി അക്കങ്ങൾ കൂട്ടുന്നരീതിയും കൈവിരലുകൾ പലവട്ടം എണ്ണിയെണ്ണി വലിയ സംഖ്യകൾ ആക്കിയെടുക്കുന്ന രീതിയും, കാൽക്കുലേറ്റർ ഉപയോഗിച്ച് വേഗം കണക്ക് ചെയ്യുന്ന കാര്യവും പോലെയാണ് പഴയനിമയസ്വഭാവവും, പുതിയനിയമരക്ഷാനുഭവവും. എബ്രം.8:5 "കൂടാരം തീർപ്പാൻ മോശെ ആരംഭിച്ചപ്പോൾ പർവ്വതത്തിൽ നിനക്കു കാണിച്ച മാതൃക പ്രകാരം നീ സകലവും ചെയ്‌വാൻ നോക്കുക: എന്ന് അവനോട് അരുളിച്ചെയ്തതുപോലെ അവർ സ്വർഗ്ഗീയത്തിന്റെ **ദൃഷ്ടാന്തവും നിഴലുമായതിൽ** ശുശ്രൂഷ ചെയ്യുന്നു"

സ്വർഗ്ഗീയത്തിന്റെ ദൃഷ്ടാന്തങ്ങളാണ് പലതും.

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 3

സ്വർഗ്ഗീയത്തിന്റെ നിഴലുമാണ് പലതും. യിസ്രായേലിലെ എല്ലാ മഹാപുരോഹിതന്മാരും വരുവാൻ പോകുന്ന ശ്രേഷ്ഠമഹാപുരോഹിതനായ,വന്ന ശ്രേഷ്ഠമഹാപുരോഹിതനായ യേശുക്രിസ്തുവിന്റെ ദൃഷ്ടാന്തമാണ്. മോശെ സ്ഥാപിച്ച കൂടാരം വരുവാൻ പോകുന്ന വലിയൊരു സ്ഥാപനമായ, ദൈവസഭയുടെയോ, സ്വർഗ്ഗീയാരാധനകൾ നടക്കുന്ന പുതിയ യെരൂശലേമിന്റെയോ നിഴലാണ്. ദൈവം തന്റെ കുമാരന് ഒരു ''ശരീരം'' ഒരുക്കിയല്ലോ. ആ "ശരീരത്തിന്റെയും" ദൃഷ്ടാന്തമാണ് സമാഗമനകൂടാരമെന്ന് വ്യാഖ്യാനിക്കാം.

മത്താ.27:51-ൽ "അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി; ഭൂമി കുലുങ്ങി: പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റ് അവന്റെ പുനരുത്ഥാനത്തിന്റെ ശേഷം വിശുദ്ധനഗരത്തിൽ ചെന്ന് പലർക്കും പ്രത്യക്ഷമായി. ക്രിസ്തുവിന്റെ മരണത്തോടെ ദേവാലയത്തിലെ തിരശ്ശീല രണ്ടായി കീറി. ഇതിന്റെ ഒന്നാമത്തെ അർത്ഥം ക്രിസ്തുവാകുന്ന തിരശ്ശീല രണ്ടായിപ്പിളർന്നു എന്ന അവിടുത്തെ തിരുമരണമാണ്. രണ്ടാമത്തേത് ദേവാലയത്തിലെ തിരശ്ശീല പ്രകൃതിയിലുണ്ടായ മാറ്റത്തിൽ കല്ലറകൾ സ്വയം പിളർന്നതുപോലെ, ആരും കീറാതെ സ്വയം കീറി അതിവിശുദ്ധസ്ഥലം ദൃശ്യമായി എന്നതാണ്. മൂന്നാമത്തേത് എ.ഡി എഴുപതിൽ തീത്തോസ് കൈസറിനാൽ യെരുശലേം ദേവാലയം നശിപ്പിക്കപ്പെട്ടു എന്നതിനെപ്പറ്റിയുള്ള ഒരു പ്രവചനമായി ആ സംഭവത്തെ കാണാം എന്നതാണ്. രണ്ടാമത്തെ അർത്ഥമാണ് പ്രസ്തുത സന്ദർഭത്തിനനുസരിച്ച് ഇണങ്ങുന്നത്. രണ്ടായിക്കീറിയത് പഴയനിയമത്തെയും പുതിയനിയമത്തെയും രണ്ടാക്കിയതിന്റെ പ്രതീകാത്മകതയാണെന്ന് അഭിപ്രായപ്പെട്ട ക്രൈസ്തവനേതാക്കന്മാരും ഉണ്ട്. A.D എന്നും B.C എന്നും കാലഘട്ടത്തെയും രണ്ടാക്കിയല്ലോ.

**എബ്രായലേഖനം 8: 6-13**

"അവനോ വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മദ്ധ്യസ്ഥനാകയാൽ അതിന്റെ വിശേഷതയ്ക്കൊത്തവണ്ണം വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു. ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നുവെങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കുകയില്ലായിരുന്നു. എന്നാൽ അവൻ അവരെ ആക്ഷേപിച്ചുകൊണ്ട് അരുളിച്ചെയ്തതു: ഞാൻ യിസ്രായേൽഗൃഹത്തോടും യഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്നു കർത്താവിന്റെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ചു മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെയല്ല; അവർ എന്റെ നിയമത്തിൽ നിലനിന്നില്ല; ഞാൻ അവരെ ആദരിച്ചതുമില്ല എന്നു കർത്താവിന്റെ അരുളപ്പാട്. ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രയേൽ ദേശത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെ ആകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എന്റെ ജനമായും ഇരിക്കും. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും കർത്താവിനെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും. ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ചു കരുണയുള്ളവനാകും; അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്നു കർത്താവിന്റെ അരുളപ്പാട്. പുതിയത് എന്നു പറയുന്നതിനാൽ ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു; എന്നാൽ പഴയതാകുന്നതും ജീർണ്ണിക്കുന്നതും എല്ലാം നീങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു".

പുതിയനിയമം ദൈവത്തിന്റെ കൃപാസ്നേഹത്തെ വെളിപ്പെടുത്തുന്നതാണ്. പഴയനിയമം അനുസരണത്തിന്റ വ്യവസ്ഥയെ ഉയർത്തിപ്പിടിക്കുന്നതുമാണ്. അതായത് പഴയനിയമവ്യവസ്ഥ എങ്ങനെയാണെന്ന് പറയാം. "നിന്റെ ദൈവമായ യഹോവയുടെ വാക്കു കേട്ട് അവൻ നിന്നോട്




കല്പിച്ചിട്ടുള്ള കല്പനകളും ചട്ടങ്ങളും പ്രമാണിച്ച് നടക്കായ്കകൊണ്ട് ഈ ശാപമൊക്കെയും നിന്റെമേൽ വരികയും നീ നശിക്കും വരെ നിന്നെ പിന്തുടർന്ന് പിടിക്കുകയും ചെയ്യും" (ആവ. 28:45). സകലനാശവും വരുത്തുന്നതാണ് ഒന്നാമത്തെ നിയമമായ പഴയനിയമം. എന്നാൽ രണ്ടാമത്തെ നിയമമായ പുതിയനിയമം "സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന (എഫെ.1:3) ഒന്നാണ്. "തന്റെ സ്വന്ത ജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായിട്ട് നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു" (എഫേ.1:14) എന്നതെല്ലാം പുതിയനിയമത്തിന്റെ അനുഗ്രഹങ്ങളാണ്.

അതായത്, ദൈവത്തിന്റെ കൃപാസ്നേഹം ആരാലും വർണ്ണിക്കുവാൻ കഴിയാത്തതാണ്. അതിന്റെ ആഴങ്ങൾ പുതിയനിയമത്തിലാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. യഹോവ തന്നെയാണ് പുതിയനിയമത്തിന്റെ ആവശ്യകതയും മേന്മയും പഠിപ്പിക്കുന്നത് (യിര.31:31–34). പുതിയനിയമം രണ്ടാമത്തേതെന്ന് മാത്രമല്ല കൃപാമഹത്വം എന്ന തത്വത്തിന്മേൽ പണിയപ്പെട്ടിട്ടുള്ളതുമാണ്. ഈ തത്ത്വത്തിന്റെ മദ്ധ്യസ്ഥൻ യേശുക്രിസ്തുവാണ് (എബ്രാ.2:11, 9:16, 10:29).

രാജഭരണത്തിൽനിന്നും ജനാധിപത്യവ്യവസ്ഥയിലേക്ക് ഒരു സ്റ്റേറ്റൊ രാജ്യമോ വരുന്നതുപോലെയുള്ള മാറ്റമാണ് പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിലേക്ക് വരുമ്പോൾ ഉണ്ടാകുന്നത്. ഭരണവും, അധികാരവും, ശക്തിയുമെല്ലാം ഒരു കുടുംബത്തിൽ നിഷിപ്തമാണ് രാജഭരണവ്യവസ്ഥിതിയിൽ. ജനാധിപത്യത്തിലോ വോട്ടുചെയ്ത് ഏത് ഗവൺമെന്റിനെയും പുറത്തുനിർത്തുവാനും അകത്തുകയറ്റുവാനും കഴിയുന്നു. പുതിയനിയമം ജനാധിപത്യരീതിയിലുള്ളതാണ്.

**"വിശേഷതയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ടു"**

ദൈവത്തിന്റെ നിയമങ്ങളെല്ലാം വാഗ്ദത്തങ്ങളിന്മേൽ ആണ് പണിയപ്പെട്ടിട്ടുള്ളത്. പഴയനിയമത്തിൽ കാണുന്ന ആചാരാനുഷ്ഠാനങ്ങളിലല്ല സ്ഥാപിക്കപ്പെട്ടത്. അവ ഭൗതികാവശ്യങ്ങൾ, ദീർഘായുസ്സ്, രോഗശാന്തി, ഈ ലോകത്തിലെ നന്മകൾ പദവികൾ മുതലായവയോട് ബന്ധപ്പെട്ടതാണ്. എന്നാൽ പുതിയനിയമത്തിൽ വാഗ്ദത്തങ്ങളുടെ അനുഗ്രഹം എന്ന് പറയുന്നത് ഉയരത്തിലുള്ളതിനെ കാംക്ഷിക്കുന്നതും സ്വർഗ്ഗീയമായവയുമാണ്. മാനസാന്തരപ്പെട്ട് വീണ്ടും ജനിച്ച് വിശുദ്ധജീവിതം നയിക്കുന്നതിനോട് ബന്ധപ്പെട്ടതാണ് ഉയരത്തിലുള്ളത്. ഇവിടെ രോഗശാന്തിയോ ഭൂതശാന്തിയോ (Healing & Deliverance) ഒന്നും ഇല്ല എന്നർത്ഥമില്ല. പക്ഷെ അവയ്ക്കുവേണ്ടി നിത്യതയെ സഹായിക്കുന്ന ഉപദേശങ്ങളെ വളച്ചൊടിക്കുകയോ തള്ളിക്കളയുകയോ ഇല്ല. പഴയനിയമത്തെയും തള്ളിക്കളയുകയില്ല. ഒരു യഹൂദനോടൊ പഴയനിയമത്തിൽ താല്പര്യം കൂടുതലുള്ളവരോടൊ, പ്രോസ്പിരിറ്റി തിയോളജിക്കാരോടൊ, ബ്ലസ്സിംഗ് റ്റുഡേക്കാരോടൊ, ഊതിവീഴ്ത്തൽ ഉന്തിവീഴ്ത്തൽക്കാരോടൊ, "നെയിം ഇറ്റ് ആൻഡ് ക്ലെയിം ഇറ്റ്" കാരോടൊ, എംബറർ ഇമ്മാനുവേൽ കാരോടൊ, പേരിട്ടിട്ടില്ലാത്ത സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കുന്ന ന്യൂ ജനറേഷൻ ചർച്ചുകാരോടൊ ചോദിച്ചാൽ "മിണ്ടുന്നതും പറയുന്നതും എല്ലാം അനുഗ്രഹങ്ങളാണ്" (Blessings). അവയെല്ലാം ഭൂമിയോടുള്ള ബന്ധത്തിൽ ഉള്ളവയും ആണ്. എന്നാൽ ഒരു പുതിയനിയമഭക്തനോട് ചോദിച്ചാൽ മത്താ.6:33 പറയും. ദൈവനീതിയും ദൈവരാജ്യവും നീ അന്വേഷിച്ചാൽ ബാക്കിയുള്ളതെല്ലാം കൂട്ടിച്ചേർത്തു തരുമെന്ന്. അതായത് ഭൗതീകമായ അനുഗ്രഹങ്ങൾ എല്ലാം ദൈവം തരും, തരാതിരിക്കില്ല. പക്ഷേ വാങ്ങുന്ന രീതി അവ ചോദിച്ചു ദൈവത്തിന്റെ പിന്നാലെ നടക്കുക എന്നതല്ല, ദൈവനീതിയും ദൈവരാജ്യവും തേടുക എന്നതാണ് പരമപ്രധാനം എന്ന്.

**8:7 – "ഒന്നാമത്തെ നിയമം കുറവില്ലാത്തതായിരുന്നുവെങ്കിൽ രണ്ടാമത്തേതിന് ഇടം അന്വേഷിക്കുകയില്ലായിരുന്നു."**

ഒന്നാമത്തെ നിയമം യിസ്രായേലിനോടു ചെയ്ത പഴയനിയമ ഉടമ്പടിയാണ്. അതിന്റെ കുറവ് പാപങ്ങളെ ഉന്മൂലനാശം ചെയ്യുവാൻ ആ നിയമത്തിന് കഴിയുന്നില്ല




എന്നതാണ്, അതാണ് സുപ്രധാനം. ഈ ഏഴാം വാക്യത്തിൽ പുതിയനിയമത്തോടെ ന്യായപ്രമാണത്തിന്റെ മാറ്റവും പുതിയനിയമത്തിന്റെ ആവശ്യകതയും പൗലോസപ്പൊസ്തലനിലൂടെ നാം മനസ്സിലാക്കുന്നു. പ്രവൃത്തിയുടെ അടിസ്ഥാനത്തിലുള്ള, സീനായ് മലയിൽ വച്ച് ദൈവം യിസ്രായേലിനോട് ചെയ്ത 'നിയമം' (പുറ.19:5, 34:27, ആവ. 4:13) അത് രക്തത്താൽ ഉറപ്പിക്കപ്പെട്ടതായിരുന്നു. ഈ സീനായ്നിയമത്തിന്റെ അടിസ്ഥാനത്തിലാണ് യിസ്രായേൽ കനാനിൽ പ്രവേശിച്ചത് (ന്യായ.2:19-21).

ഒന്നാമത്തെ നിയമത്തിന്റെ കുറവ് ആന്തരികമായ പരിച്ഛേദനയുടെ അഥവാ മാനസാന്തരത്തിന്റെ കുറവായിരുന്നു. പുറമെ മാത്രം പദവിയും നിലനിൽപ്പും ഉണ്ടായിരുന്നു. ആ നിയമത്തിന്റെ അടയാളം അവർ ശരീരത്തിൽ മാത്രം വഹിക്കുന്നു. ആചാരാനുഷ്ഠാനങ്ങൾ മാത്രം. അകമെനിന്നുള്ള മാനസാന്തരാനുഭവം വിശ്വാസത്തിലേക്ക് ഉയർന്നല്ലാതെ പാപവിമോചനമില്ല. അകമേയുള്ള മാനസാന്തരാനുഭവജന്യമായ വിശ്വാസവും പ്രാർത്ഥനയും ക്രൂശിലെ രക്തത്താൽ ഉള്ള് കഴുകപ്പെടുവാൻ സഹായിക്കുന്നു. ഇത്തരം കാര്യങ്ങളിലെ വ്യത്യാസം കൊണ്ട് "ഒന്നാമത്തെ നിയമം" കുറവുള്ളതായിത്തീർന്നു.

ദൈവത്തിന്റെ നിയമങ്ങളെ അടിസ്ഥാന മാനസാന്തരമില്ലാതെ അവർ ഉപേക്ഷിച്ചുകളഞ്ഞിനാൽ, ഇനിയും നിരാശപ്പെടാത്ത വിധത്തിൽ, പൗരോഹിത്യത്തിന് മാറ്റം വരുത്തിക്കൊണ്ട് പുതിയൊരു നിയമം എന്ന രണ്ടാമത്തേത് കൊണ്ടുവരികയാണ് കാലത്തിന്റെ സമ്പൂർണ്ണതയിൽ.

യാക്കോബ് ദൈവവുമായി മല്ല് പിടിച്ചപ്പോൾ (ഉല്പ.32:28) യിസ്രയേൽ എന്ന പേർ പഴയജനതക്ക് ലഭിച്ചു. യഹൂദജാതി പിന്നീട് രണ്ടായിപിരിഞ്ഞു. 10 ഗോത്രങ്ങൾ ഒരുമിച്ച് "യിസ്രയേൽ" എന്ന പേരുണ്ടായി. (2 ദിന.10:16,17). യേശയ്യാ പ്രവചനത്തിലും (49:3) ക്രിസ്തുവിനെ യിസ്രയേൽ എന്നു വിളിച്ചിരിക്കുന്നു. യോഹ.1:47-ൽ "ഇതാ സാക്ഷാൽ യിസ്രായേല്യൻ, ഇവനിൽ കപടമില്ല" എന്ന് നഥാനയേലിനെപ്പറ്റി കർത്താവ് പറഞ്ഞു. ആത്മിക യിസ്രായേല്യൻ എന്നായിരിക്കണം കർത്താവ് വിഭാവനം ചെയ്തത് എന്ന് വിചാരിക്കാം.

എബ്രാ.8:13-ൽആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു (എന്നും) പഴയതാകുന്നതും ജീർണ്ണിക്കുന്നതുമെല്ലാം നീങ്ങിപ്പോകുവാൻ അടുത്തിരിക്കുന്നു എന്നും; ദൈവവചനം സ്പഷ്ടമായി എഴുതിയിരിക്കുന്നത് വായിക്കാത്തവരും, വായിച്ചറിഞ്ഞിട്ട് കണ്ടില്ലെന്ന് വയ്ക്കുന്നവരും ജീർണ്ണിച്ചവയെ സഭാരാധനയിലും കുടുംബപ്രാർത്ഥനയിലും കല്ലിടീലിനും കട്ള വെയ്ക്കലിനും ഗൃഹപ്രവേശനത്തിനും ഗർഭം ധരിക്കുമ്പോഴും പ്രസവിക്കുമ്പോഴും ശിശുപ്രതിഷ്ഠക്കും മറ്റെല്ലാ വിശുദ്ധമെന്ന് കരുതുന്ന സന്ദർഭങ്ങളിലും ഉപയോഗിച്ചുപോരുന്നതുകൂടാതെ ആ ജീർണ്ണച്ചവയെപ്പറ്റി ഇങ്ങനെയെങ്കിലും സത്യവെളിപ്പാടുകൾ അവതരിപ്പിക്കുന്നതു പോലും മഹാപാപവും മഹാപരാധവും ആയി കരുതുന്നു.

മോശെ മുതൽ ക്രിസ്തുവരെ പതിനഞ്ച് നൂറ്റാണ്ടുകളായിരുന്നു ഉണ്ടായിരുന്നതെന്ന്, ബൈബിൾ പണ്ഡിതന്മാർ കരുതുന്നു. ആ പതിനഞ്ച് നൂറ്റാണ്ടിലും പഴയനിയമം വിലയേറിയതായിത്തന്നെ കരുതപ്പെട്ടുപോന്നു. പക്ഷെ പാപവിമോചനവും കൊടുത്ത് പരിശുദ്ധാത്മാവിനെയും നൽകുവാൻ (പൂർണ്ണമായും നൽകുവാൻ) പഴയനിയമത്തിനായില്ല. അഥവാ. ക്രിസ്തുവിനെ പൂർണ്ണമായും നൽകുവാൻ പഴയനിയമത്തിനായില്ല. പാപമോചനവും പരിശുദ്ധാത്മാവിനെയും തന്റെ കൃപയാൽ, കരുണയാൽ ദൈവം പക്ഷെ കൊടുക്കേണ്ടിടത്തോളം പലർക്കും കൊടുക്കാതിരുന്നിട്ടുമില്ല. അതൊക്കെ ദൈവത്തിന്റെ കരുണയുടെ സവിശേഷതയാണ്. എന്നാൽ പുതിയനിയമം വിശ്വാസികൾക്ക് അവർണ്ണനീയമായ ദൈവകൃപയാൽ, ദൈനംദിന അനുഗ്രഹമെന്നു മാത്രമല്ല ഒടുവിൽ നിത്യതയും നൽകുന്നു. എന്ന് കരുതി സൗകര്യംപോലെ പാപമാലിന്യങ്ങളിൽ കഴിഞ്ഞാലും കുഴപ്പമില്ല എന്നർത്ഥമുണ്ടെന്ന് ആരും കരുതേണ്ടതില്ല. പഴയതിന്റെ കുറവില്ലാത്തതാണ് പുതിയത്. ഇത്രയൊക്കെ




വചനവും, വചനവെളിപ്പാടും, വചനദൂതും കിട്ടിയാലും അനേകർ 'പഴയതെടുത്ത്' പുതിയതിനേക്കാൾ പുതിയതായി ഉപയോഗിച്ചില്ലെങ്കിൽ കുഴപ്പമാണ് എന്ന് കരുതുന്നത് 'നല്ല ആത്മാവിന്റെ' ചിന്തയല്ല എന്ന് തിരിച്ചറിയുകയാണുത്തമം.

എന്നാൽ യേശുക്രിസ്തു പഴയനിയമത്തെ ആവശ്യസന്ദർഭങ്ങളിലൊക്കെ ഉപയോഗിച്ചിരുന്നു. അപ്പൊസ്തലന്മാരെല്ലാം അതുപോലെ ഉപയോഗിച്ചിരുന്നു; പ്രത്യേകിച്ചും എബ്രാ.11-ാം അദ്ധ്യായത്തിൽ.

എബ്രാ.11:1-3-"വിശ്വാസമെന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. അതിനാലല്ലോ പൂർവ്വന്മാർക്കും സാക്ഷ്യം ലഭിച്ചത്. ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല കാരണം എന്നു വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു".

ഇന്ദ്രിയഗോചരമല്ലാത്തകാര്യങ്ങളെ ഇന്ദ്രിയഗോചരമായാൽ എങ്ങനെയിരിക്കുന്നുവോ അങ്ങനെയിരിക്കുന്നുവെന്ന് സംശയാതീതമായി ഉറക്കെ തീരുമാനിക്കുന്നതാണ് **വിശ്വാസം.** ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണ് വിശ്വാസമെന്നത് പൂർണ്ണമായ ഒരു നിർവ്വചനമാണ്. ഏത് പ്രതികൂലങ്ങളുടെയും പ്രതിബന്ധങ്ങളുടെയും നടുവിലും നമുക്ക് ദൈവവിശ്വാസമുണ്ടെങ്കിൽ (പഴയനിയമസ്വഭാവമുള്ള വാക്കാണ് ദൈവവിശ്വാസം, പുതിയനിയമത്തിൽ അത് ക്രിസ്തുവിശ്വാസമാണ്) ജീവിതവിജം ഉറപ്പാണ്. ഓരോരുത്തരുടെയും പ്രത്യാശയുടെ അടിസ്ഥാനം ദൈവവചനത്തോട് അടുക്കുവാൻ കഴിയുന്നത് ആണ്. എന്നാൽ ദൈവവചനത്തിൽ അന്ധമായി ഉറയ്ക്കുവാൻ സഹായിക്കുന്ന ചേരുവ വിശ്വാസമാണ്.

പക്ഷെ ഏതെങ്കിലും അറിവിന് ഒരിക്കലും എതിരല്ല വിശ്വാസം. മഴക്കാലത്ത് കേരളത്തിൽ ഇടയ്ക്കിടയ്ക്ക് മഴ കിട്ടും. ന്യൂനമർദ്ദമെങ്ങാനും കടലിൽ രൂപം കൊണ്ടാൽ കരയിൽ ചില ദിവസങ്ങളോളം മഴ കിട്ടിയെന്നിരിക്കും. ഇത് കാലാവസ്ഥാപരമായ "അറിവാണ്." ഈ അറിവിനെതിരല്ല വിശ്വാസം. വിശ്വാസം ദൈവവുമായുള്ള ബന്ധത്തിന്റെ അംഗീകരിക്കപ്പെടലാണ് എന്ന് പറയാം. അങ്ങനെ വരുമ്പോൾ യുക്തിക്കതീതമാണെന്ന് പറയാമെങ്കിലും അത് യുക്തിവിരുദ്ധമല്ല എന്നും പറയേണ്ടി വരുന്നു. അതായത് മനുഷ്യന് ബുദ്ധികൊണ്ടോ, കണക്കുകൊണ്ടോ, കമ്പ്യൂട്ടർ സയൻസുകൊണ്ടോ കണ്ടുപിടിക്കുവാൻ കഴിയാത്തതിനെ ദൈവത്തിന് കണ്ടുപിടിക്കുവാനോ നൽകുവാനോ കഴിയുന്നു. കാരണം, ദൈവം സത്യദൈവമാണ്. **ദൈവീകവെളിപ്പാടിൽ** ഉള്ള വിശ്വാസത്തെയാണ് **യഥാർത്ഥ വിശ്വാസം** എന്ന് പറയേണ്ടത്. 11-ൽ 4 മുതൽ 7 വരെയുള്ള വാക്യങ്ങൾ ഉല്പത്തി പുസ്തകത്തിന്റെ ഒരു വ്യാഖ്യാനമാണ്. വിശ്വാസത്താൽ സാധിച്ച കാര്യങ്ങളെയാണ് 4 മുതൽ 38 വരെ കർത്താവ് വിവക്ഷിക്കുന്നത്. നാലാം വാകൃത്തിൽ ഹാബേലിന്റെ വിശ്വാസം എന്താണെന്നും എങ്ങനെയാണെന്നും പറയുന്നു. ഉല്പ.4-ൽ 3,4 വാക്യങ്ങളാണിവയ്ക്ക് അടിസ്ഥാനം.

ഹാബേലിൽ വിശ്വാസത്തിന്റെ ആരാധന കാണുന്നു. ലോകത്തിന്റെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി കാൽവരിക്രൂശിൽ അർപ്പിച്ച ആ മഹായാഗത്തിന്റെ നിഴലായിരുന്നു ഹാബേലിന്റെ ബലി. ഹാബേലിന്റെ യാഗം കയീന്റേതിലും മൂല്യമേറിയതായിരുന്നു. ഉല്പത്തി 3-ാം അദ്ധ്യാത്തിൽ 16 മുതൽ 21 വരെ വാക്യങ്ങൾ എഴുതാം. "സ്ത്രീയോട് കല്പിച്ചത് ഞാൻ നിനക്ക് കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും. നീ വേദനയോടെ മക്കളെ പ്രസവിക്കും. നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടാകും. അവൻ നിന്നെ ഭരിക്കും. മനുഷ്യനോടു കല്പിച്ചതോ: നീ നിന്റെ ഭാര്യയുടെ വാക്ക് അനുസരിക്കുകയും തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ട് നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽ നിന്നു അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്ക് അതിൽ നിന്ന് മുളയ്ക്കും. വയലിലെ സസ്യം നിനക്ക് ആഹാരമാകും. നിലത്തുനിന്നു നിന്നെ എടുത്തിരിക്കുന്നു; അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ




ഉപജീവനം കഴിക്കും; നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും. മനുഷ്യൻ തന്റെ ഭാര്യയ്ക്കു ഹവ്വാ എന്നു പേരിട്ടു; അവൾ ജീവനുള്ളവർക്കെല്ലാം മാതാവല്ലോ. യഹോവയായ ദൈവം ആദാമിനും അവന്റെ ഭാര്യക്കും തോൽകൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു."

തോൽകൊണ്ടുള്ള ഉടുപ്പുണ്ടാക്കിപ്പോൾ ആ തോലുരിഞ്ഞപ്പോൾ രക്തം ചിന്തേണ്ടതായി വന്നുകാണും. രക്തം ചിന്തിയിട്ടല്ലാതെ വിമോചനമില്ല. വിശ്വാസത്തോടെ ആബേൽ ദൈവേഷ്ടപ്രകാരം രക്തം ചൊരിയുന്ന മൃഗയാഗവും കായേൻ സ്വന്തം ഇഷ്ടപ്രകാരം ഹാബേലിന്റേതിലും ചെറിയതും സ്വ ഇച്ഛയനുസരിച്ചുള്ളതുമായ യാഗവും അനുഷ്ഠിച്ചു. ഉല്പ.4:2– "ഹാബേൽ ആട്ടിടയനും കയീൻ കൃഷിക്കാരനുമായിത്തീർന്നു. 3. കുറെക്കാലം കഴിഞ്ഞിട്ട് കയീൻ നിലത്തെ അനുഭവത്തിൽ നിന്ന് യഹോവയ്ക്ക് ഒരു വഴിപാട് കൊണ്ടുവന്നു. ഹാബേലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്ന്, അവയുടെ മേദസ്സിൽ നിന്നു തന്നെ ഒരു വഴിപാട് കൊണ്ടുവന്നു. 4. യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല."

ആട്ടിൻകൂട്ടത്തിലെ 'കടിഞ്ഞൂൽ' ക്രിസ്തുവിന്റെ നിഴലാണ്. ദൈവവചനത്തെ അനുസരിച്ച്, രക്തം ചിന്തുവാൻ കഴിയുന്ന വിധത്തിലുള്ള യാഗാർപ്പണമാണ് ഹാബേൽ ചെയ്തത്. സൗകര്യാർത്ഥമല്ല, ദൈവത്തിന് ബലിയർപ്പിക്കേണ്ടത്. കയീനിൽ അവന്റെ യാഗത്തിൽ ഒരു 'പരീശത്വം' ആണ് നാം കാണുന്നത്. ഉല്പ.3:17–ൽ ദൈവം നിലത്തെ ശപിച്ചിരുന്നു. ആ സ്ഥിതിക്ക് നിലത്തേതിൽ നിന്ന് പറിച്ചെടുത്തവ ഉപയോഗിച്ച് യാഗം കഴിക്കേണ്ടതില്ലായിരുന്നു. ദൈവികവ്യവസ്ഥയെ തകിടം മറിച്ചുകൊണ്ട് സ്വന്തം ഇഷ്ടവും ബുദ്ധിപരമായ കുറവില്ലാത്തുമായ ആരാധന നടത്തുന്നവർക്കൊരു നിഴലാണ് കയീൻ. രക്തം ചിന്തിക്കൊണ്ടുള്ള യാഗാർപ്പണം ക്രിസ്തുവിന്റെ ക്രൂശുമരണം ആയിരുന്നു. ഹാബേലിന്റ യാഗവും ആ യാഗമൃഗത്തെപ്പോലെ തന്നെ ക്രിസ്തുവിന്റെ യാഗമരണത്തിന്റെ നിഴലായിരുന്നുവെന്ന് ആത്മീയമായി ഗ്രഹിക്കാം. മാതാപിതാക്കന്മാരായ ആദാമിലൂടെയും ഹവ്വായിലൂടെയുമല്ലെങ്കിൽ വെളിപാടിലൂടെ ദൈവം അവന് നൽകിയ കാഴ്ച്ചപ്പാടിലൂടെയായിരുന്നു യാഗമെന്നു വിചാരിക്കുകയുമാകാം. യാഗമൃഗത്തെ ആരാധിക്കുന്നതുകൊണ്ടല്ല ദൈവം പ്രസാദിക്കുന്നത്: മാനസാന്തരവും ഭക്തിയും അനുസരണവുമുള്ള ഹൃദയത്തോടുകൂടിയ വിശ്വാസത്തോടുകൂടെയുള്ള പെരുമാറ്റമായതിനാലാണ് ആ യാഗം ദൈവം സ്വീകരിച്ചത്.

ഏതൊരു യാഗവും ദൈവം പ്രസാദിക്കുന്നതാകണമെങ്കിൽ യാഗവസ്തുവിന്റെ വിശുദ്ധിയേക്കാൾ അർപ്പകന്റെ വിശുദ്ധിയാണ് പരിഗണിക്കപ്പെടുക. രണ്ടും വിശുദ്ധമായിരിക്കണം. ക്രിസ്തു രണ്ടിലും നൂറു ശതമാനവും വിശുദ്ധിയായിരുന്നു. ഹാബേലിന്റെ യാഗം കണ്ടു ദൈവം പ്രസാദിച്ചതുമാത്രം നാം കണ്ടുപിടിച്ചാൽ പോരാ. കയീൻ കോപിച്ച് ദ്രോഹിച്ചതുകൂടി നാം അറിയണമെന്ന് പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. കയീന്റെ വിദ്വേഷം ലോകചരിത്രത്തിലെ ആദ്യ കൊലപാതകത്തിന് വഴി തുറന്നു. ഉല്പത്തി.4:10–ൽ തുടങ്ങിവെച്ച ഹാബേലിനെ പുകഴ്ത്തൽ നൂറ് കണക്കിന് സുവിശേഷപ്രവർത്തകന്മാരിലൂടെയും എബ്രാ.12:24–ൽ എത്തി പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നത് എന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ഇന്ന് ലോകത്തിൽ കാണുന്ന യഥാർത്ഥ ഭക്തരുടെയും കപടഭക്തരുടെയും പ്രാതിനിധ്യമാണ് ഹാബേലിനും കയീനുമുള്ളത്. ആദ്യത്തെ കൂട്ടർ ചെറിയ കൂട്ടമെങ്കിലും ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവരും രണ്ടാമത്തെ കൂട്ടർ പുണ്യവാള പുണ്യവതികളെ കപടമായി പ്രാർത്ഥിക്കുന്നവരും ക്രിസ്തുവിന്റെ ഏകബലിസമർപ്പണത്തിനു പകരം അനുദിനബലികൾ അർപ്പിക്കുന്നവരും




ദൈവവചനസത്യങ്ങളേക്കാൾ ഉപരിയായി ഏതോ തെറ്റായ പാരമ്പര്യങ്ങളെ വെച്ചു പൂജിക്കുന്നവരും. ക്രിസ്തു വന്നതും പരമയാഗം നടത്തിയതും ക്രിസ്തു നമ്മുടെ അന്തരംഗത്തിൽ ആത്മാവായി പിതാവിനോടുകൂടി വസിക്കുന്നതും അറിയാമായരുന്നിട്ടും, ആ അറിവിൽ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നു എന്ന വ്യാജേന, കാവ്യഗ്രന്ഥങ്ങളിലെ വചനങ്ങളെ കുട്ടികളെക്കൊണ്ടും കാണാതെയും കണ്ടും പറയുന്നതിന് അമിതപ്രാധാന്യം കൊടുക്കുന്നവരും കണ്ണടച്ചിരുട്ടാക്കുകയാണോ, കാഴ്ചയില്ലെന്നിരിക്കെ ഉണ്ടെന്ന് ഭാവിക്കുകയാണോ ?

**അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു**

"എന്നെ മാനിക്കുന്നവനെ ഞാനും മാനിക്കും" (1 ശമുവേ.2:30). "ദൈവം ആർക്കും കടക്കാരനല്ല" (സങ്കീ.19:11) എന്നീ വാക്യങ്ങൾ പറയുകയും പാടുകയും ചെയ്യുന്നവരാണ് നമ്മൾ. അവിടുന്ന് മുഖപക്ഷമില്ലാത്ത ദൈവമാണ്. നീതിമാനെന്നും നല്ല സാക്ഷ്യമുള്ളവനെന്നും ദൈവം തന്നെ ഹാബേലിന് സർട്ടിഫിക്കറ്റ് കൊടുത്തു. യഹോവയുടെ സന്നിധിയിൽ നിന്ന് തീ പുറപ്പെട്ട് യാഗപീഠത്തിന്മേൽ ഉള്ള ഹോമയാഗവും മേദസ്സും ദഹിപ്പിച്ചു. ജനമെല്ലാം അത് കണ്ടപ്പോൾ ആർത്തു സാഷ്ടാംഗം വീണു (ലേവ്യ.9:24, 1 രാജാ.18:38, ന്യായാ.6:21, 1 ദിന.21:26). എന്നുള്ളതുപോലെ ഹാബേലിന്റെ യാഗവസ്തുവിന്മേലും ദൈവം സ്വർഗ്ഗത്തിൽ നിന്ന് തീയിറക്കി കാണുമെന്ന് പറയുവാൻ തോന്നിപ്പോകുന്നു. ഹാബേലിന്റെ മരണം നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ മരണത്തിന്റെ നിഴലാണ്.

**എബ്രാ.11:5,6**

"വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചുവെന്ന് അവൻ എടുക്കപ്പെടുന്നതിനു മുമ്പെ സാക്ഷ്യം പ്രാപിച്ചു. എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടെന്നും, തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുമെന്നും വിശ്വസിക്കേണ്ടതല്ലയോ."

ഉല്പ.5:21-24 - "ഹാനോക്കിന് 65 വയസ്സായപ്പോൾ അവൻ മെഥുശലെഹിനെ ജനിപ്പിച്ചു. മെഥുശലെഹിനെ ജനിപ്പിച്ചശേഷം ഹാനോക്ക് 300 സംവത്സരം ദൈവത്തോട് കൂടെ നടക്കുകയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കുകയും ചെയ്തു. ഹാനോക്കിന്റെ ആയുഷ്ക്കാലം ആകെ 365 സംവത്സരമായിരുന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി".

ഹാബേലിന് ശേഷം നാലഞ്ച് നൂറ്റാണ്ടു കഴിഞ്ഞാണ് നാ ഹാനോക്കിനെ കാണുന്നത്. യൂദാ. 14 അനുസരിച്ച് വിശ്വാസവീരനായ ഹാനോക്ക് ഒരു പ്രവാചകനും ആണ്. ഹാബേലിൽ വിശ്വാസത്തിന്റെ ആരാധനയാണ് വെളിപ്പെട്ടതെങ്കിൽ ഹാനോക്കിൽ വിശ്വാസത്തിന്റെ നടപ്പാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സാക്ഷ്യത്തെക്കാളും ശുശ്രൂഷയെക്കാളും വിശ്വാസത്തിന്റെ അനുദിന "ജീവിതശൈലി"യാണേറ്റവും ആവശ്യം. അതിന് നാം ദൈവവചനത്തിൽ കാണുന്ന മുറയ്ക്ക് ദൈവത്തോടൊപ്പം നടക്കണം. അതെങ്ങനെയെന്നാൽ

1. പുതിയനിയമത്തിൽ പറയുന്നതനുസരിച്ച് വചനം ഗ്രഹിക്കണം, പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ദൈവം ത്രീയേക ദൈവമാണെന്ന ഉത്തമബോധ്യത്തോടെ പരിശുദ്ധാത്മനിറവോടെ "ആത്മാവിലും സത്യത്തിലും" ദൈവത്തെ ആരാധിക്കണം.

2. രക്ഷിക്കപ്പെട്ടാലുടൻ, ചാടിയോടി ശുശ്രൂഷയ്ക്കുവേണ്ടി ഇറങ്ങി പിശാചിന്റെയും ലോകത്തിന്റെയും പാപത്തിന്റെയും തട്ടകങ്ങളിൽ തട്ടിത്തട്ടിവീഴാതെ ദൈവത്തോടൊപ്പം (പ്രാർത്ഥനയിൽ ഉറ്റിരുന്നും) നടന്ന് നടന്ന് നല്ല ആത്മീയശക്തി പ്രാപിക്കണം.

3. വിവിധ കൾട്ട് മതഗ്രൂപ്പുകാരും, പഴയപെന്തക്കോസ്ത് കടുംപിടുത്ത ഉപദേശക്കാരായ അനേകരുമുണ്ട്. സെമിനാരികളിൽ പഠിച്ചും പഠിപ്പിച്ചും ഇറങ്ങിയവർ എത്ര പുതിയനിയമ ശൈലിയിലേക്ക് വന്നാലും

# ചർച്ച് ഓഫ് ഇറ്റേണിറ്റി CHURCH OF ETERNITY

## അജപാലന നിർവ്വാഹക സമിതി Pastoral Council



President.
Apostle. Devasia
Mullakkara sir

Apostle & Prophet
Pr. Soajn
Now Church Of Eternity
Kuwait
Mob: 0096597711237

General Secretary
Pr. Abraham
Now Church Of Eternity
Ponkunnam
Mob: 994726 7701

Sr. Vice President
Pr. Yesudas
*(Church Prophet)*
Now Church Of Eternity
Thiru valla
Mob: 9446 74 5148

Sr. Vice President
Pr. Tomichan
*(Church Prophet)*
Now Church Of Eternity
Kottayam, Pala
Mob: 9744655214

Acting President
Pr. George Kudippara
Now Church Of Eternity-
Trivandrum
Mob: 9446 718242

Working President
Rev. Watson Daniel (Adv)
Now Church Of Eternity
Bathery, Wayanad
Mob: 9446952562

Vice President
Pr. Raj Mohan
Now Church Of Eternity
Delhi
Mob: 09958328119

### Church Of Eternity Academic deans



Pr. Suresh
Now Church of Eternity
Ernakulam
Mob: 9388487301

Pr. Yohannan Daniel(M.Div)
Now Church Of Eternity
Pilathara
Mob: 09447192773

Pr. Saimon
Now Church of Eternity
Karukachal
Mob: 9387841020



Administrator
Pr. Johny
Now Church Of Eternity
Kozhikode
Mob: 9961854203

Treasurer
Pr. Tony
Now Church Of Eternity
Mundakkayam
Mob:9388608345

Office. Secretary
Pr.J oyichan
Now Church Of Eternity
Perambra
Mob:9048222384

Secretary
Pr. Shaju
Now Church Of Eternity
Thissur
Mob:9446988562

Secretary
Pr. Jose
Now Church Of Eternity
Kollam
Mob:9847872731



Secretary
Pr. Sibichan
Now Church Of Eternity
Ettumanoor
Mob:9947260420

Secretary
Pr. George
Now Church Of Eternity
Mananthavady
Mob:9495326295

Secretary
Pr. babychan
Now Church Of Eternity
Perumbavoor
Mob:9947142748

Joint. Secretary
Pr. Biju
Now Church Of Eternity
Adimaly
Mob: 9495876219

Joint. Secretary
Pr. Stanly
Now Church Of Eternity
Pulingome
Mob:9447374860

Joint. Secretary
Pr. Saji
Now Church Of Eternity
Palakkad
Mob. 9447695624

Joint. Secretary
Pr. Francis
Now Church Of Eternity
Kanjagad
Mob: 9645707908

Worship Leader
Pr. Biju Kundara
Now Church Of Eternity
Punaloor
Mob:9447248425

Worship Leader
Pr. TD Thomas
Now Church Of Eternity
Thalassery
Mob:9539002341



Pr. Samson
Now Church Of Eternity
Abbassiya
Mob:0096566311234

Pr. Lal Kumar
Now Church Of Eternity
Yemen
Mob: 00967777741554

Pr. Tomy Mannoor
Now Church Of Eternity
Mahbula
Mob: 0096596035928

Pr. Jiji
Now Church Of Eternity
UAE
Mob: 00971503631158

Dr. Viji(Pastor)
Now Church Of Eternity
Kuwait, English Ministry
Mob: 0096566394954

Sr.Molly Socrates
Church Of Eternity
Chennai
Mob: 09444928484

Pr. Deepu
Now Church Of Eternity
Ernakulam(English)
Mob: 9745971555

Media Head
Pr. Jeemon
Now Church Of Eternity
Aluva
Mob:9947375738

## കണ്ണൂർ ജില്ല

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ. കെ. എ. സ്റ്റാൻലി**
Mob:9447374860,
9847786950
**പുളിങ്ങോം**
ആത്മാഭിഷേകം വചനാശ്രമം
ഞായർ 9 am- 2.00pm (ആരാധന)



**പാ. ജോസ്**
Mob:9495066596
**കരുവഞ്ചാൽ**
സൂരജ് മെഡിക്കൽസിന്റെ മുകൾ നില
പുതിയ ബസ് സ്റ്റാൻഡ്
ഞായർ 3 pm- 5.00pm (ആരാധന)



**പാ. ദീപു കൈപ്പൻപ്ലാക്കൽ**
Mob:9947787042
**കണ്ണൂർ**
ഹോട്ടൽ ഇന്ത്യാ ഹൗസ്
പഴയബസ്സ്റ്റാന്റിന് സമീപം
ഞായർ 10 am- 1.00 pm (ആരാധന)



**പാ. യോഹന്നാൻ**
Mob: 9447192773
**പിലാത്തറ**
വ്യാപാര ഭവൻ
ഞായർ 10 am- 2pm (ആരാധന)



Mrs.&Mr. ടി.ഡി.
തോമസ്(പാസ്റ്റർ)
Mob: **9539955437**
**തലശ്ശേരി**

കേരള ഹോട്ടൽ & റസ്റ്റോറന്റ്
അസോസിയേഷൻ റൂം.
ജൂബിലി ഷോപ്പിംഗ് കോംപ്ലക്സ്.
ഞായർ 10 am- 1.00 pm (ആരാധന)



**പാ: ബിജോയി**
**അയിലുക്കുന്നേൽ**
Mob:9495696466
**വലിയപറമ്പ്**

ടി.ടി. മാത്യുഭവനം
മൃഗാശുപത്രിക്ക് സമീപം
ഞായർ 10.00 am 1.00 pm(ആരാധന)
**ശ്രീകണ്ഠപുരം,** ലൈബ്രറി ഹാൾ,
Near Royal Auditorium.
ഞായർ 3.00 pm- 5.00 pm(ആരാധന)



**പാ: ടി.ടി.മാത്യു**
Mob:**9446262926**
**ഇരിട്ടി** വ്യാപാര ഭവൻ,
അപ്പോളോ
ടെക്സ്റ്റൈൽസ് ബിൽഡിംഗ്
ഞായർ 10 am- 2 pm (ആരാധന)
**കൊട്ടിയൂർ, നീണ്ടു നോക്കി**
ഞായർ 2.30 pm- 4.30 pm (ആരാധന)

## കാസർഗോഡ് ജില്ല



**പാ. ഫ്രാൻസിസ്(അപ്പച്ചൻ)**
Mob: 9400784917
9645707908
**കാഞ്ഞങ്ങാട്**
വ്യാപാരഭവൻ
ഞായർ 9 am-12 noon(ആരാധന)
**പെരിയ, ബേക്കൽ**

## വയനാട് ജില്ല



Rev.Watson Daniel
(Adv.)
Mob:9446952562
**ബത്തേരി**
ഐഎംഎ ഹാൾ
ഞായർ 10 am-12 noon (ആരാധന)



**പാ.തോമസ്**
Ph:9495787779
**മീനങ്ങാടി**
**ഹൗസ് ഓഫ് ഹോപ്പ്**
**ബസ്സ് സ്റ്റാന്റിന് എതിർവശം**

**കല്ലുപാടി**
സാജൻ ഭവനം വെള്ളി 6 pm to 9 pm
Ph: 9447263310



**പാ.ജോർജ്ജ് കുട്ടി മലയിക്കൽ**
Mob:9495326295
**മാനന്തവാടി**
കബനി ടൂറിസ്റ്റ്ഹോം
വള്ളിയൂർക്കാവ് റോഡ്
ഞായർ 9.30 am 12.30 pm (ആരാധന)



**പാ.വർഗീസ്**
Mob: 9526676084
8547963084
**പനമരം**
വ്യാപാരഭവൻ
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ: മത്തായി പൊട്ടനാനിക്കൽ**
Mob:9747757609
**പുൽപ്പള്ളി**
CO.Operative college
ഞായർ 9.30 am to 12 noon (ആരാധന)
ഞായർ 2.30 pm to 5 pm കാവിങ്കൽ തങ്കമ്മ (ചെറുപള്ളി)
1-ാം തിങ്കൾ : പ്രാർത്ഥന-ഷെള്ളി-കർണ്ണാടക
**പാടിച്ചിറ** വിനീഷ്ഭവനം
ചൊവ്വ 5.30 pm- 7.30 pm(പ്രാർത്ഥന)
**പുൽപ്പള്ളി 73** സിബിച്ചൻ ഭവനം
ബുധൻ 5 pm- 7 pm (പ്രാർത്ഥന)
**ഭൂദാനം** പാ.മത്തായി ഭവനം, വെള്ളി
10.00 am- 1.00 pm (ഉപവാസ പ്രാർത്ഥന)

Mrs.&Mr. ഡോ.ഫെർഡിനന്റ് ദാനം (പാസ്റ്റർ)




Mob:9446648411
**മേപ്പാടി**
രാജൻഭവനം
നെടുംപാല
ഞായർ 10.30 am- 1.00 pm (ആരാധന)
**കൽപറ്റ** ലൂഥറൻ ചർച്ച്(Opp.പഴയബസ്സ്റ്റാന്റ്)
ഞായർ 2.30 pm- 5.00 pm (ആരാധന)

## കോഴിക്കോട് ജില്ല



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**കോഴിക്കോട്**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, പിടിഉഷാറോഡ്
(അമലാപുരി പള്ളിക്കെതിർവശത്തുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയിൽ
ഞായർ 10.00 am to 1.00 pm (ആരാധന)
ശനി: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)

**തിരുവമ്പാടി,** ആത്മാഭിഷേകം പ്രയർ ഹാൾ, 2nd floor ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയം ചർച്ച് റോഡ്,
ഞായർ 3 pm- 5.30 pm (ആരാധന)



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**വടകര**
കോൺവന്റ് റോഡ്
വിജയ ഹോട്ടലിനു മുകളിൽ
ആരാധനയും,പ്രാർത്ഥനയും
വെള്ളിയാഴ്ച 10 am to 1 pm



**പാ.റോയ്**
Mob:9961259509
9645439869
**താമരശ്ശേരി**
വ്യാപാരഭവൻ
മിനികോൺഫ്രൻസ്ഹാൾ
ഞായർ 2 pm - 5 pm (ആരാധന)



**പാ.അബ്രഹാം കൈപ്പൻപ്ലാക്കൽ**
Mob:9947267701
**പേരാമ്പ്ര**

സാഗർ ഓഡിറ്റോറിയം,
സാഗർ ഹോട്ടലിന് മുകളിൽ
മീൻമാർക്കറ്റിന് സമീപം
ഞായർ 9.30 am to 1 pm (ആരാധന)

## പാലക്കാട് ജില്ല



**പാ:സജി ചെരുവുംകാലാ**
Mob:9447695624
**പാലക്കാട്**
തൃപ്തി ഹാൾ
ജില്ലാ ഹോസ്പിറ്റലിന് സമീപം
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ.സ്കറിയ**
Mob:9995014257
**വളാഞ്ചേരി**
ജനത ടൂറിസ്റ്റ്ഹോം
ഞായർ 10 am to 1 pm (ആരാധന)

## തൃശൂർ ജില്ല



**പാ.ഷാജു സഖറിയാസ്**
Mob:9446988562
**തൃശ്ശൂർ**
ചേംബർ ഓഫ് കൊമേഴ്സ് ഹാൾ (A/C), പാലസ് റോഡ്,
സ്വപ്നാതീയേറ്ററിന് സമീപം
ഞായർ 10 am- 2 pm (ആരാധന)
**ചാലക്കുടി**
ഞായർ: 2.30 pm- 5 pm (ആരാധന)
**കുന്നംകുളം**
P.V.S പ്ലാസാ ഓഡിറ്റോറിയം
ഞായർ: 2.30 pm- 5 pm (ആരാധന)

## മലപ്പുറം ജില്ല



Pr.N.P Chackochan
Mob:9847866077
**പെരിന്തൽമണ്ണ**
Tee Tee Plaza
Tourist Home,
Near Moulana Hospital
ഞായർ 10 am- 1 pm (ആരാധന)



**പാ.ജോസ് കീച്ചേരിയിൽ**
Mob: 9539936979
**നിലമ്പൂർ**

വ്യാപാരഭവൻ, (കീർത്തിപ്പടി)
ഞായർ 10.30 am to 1 pm
(ആരാധന)

## എറണാകുളം ജില്ല





**പാ:സുരേഷ്** Mob:9388487301
**പാ.ദീപു** Mob:9745971555
**പാ.ബിനു** Mob:9947217398

**എറണാകുളം**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ
പാലാരിവട്ടം സർക്കിൾ, മാർക്കറ്റ് റോഡ്,
മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റിന് മുകളിൽ
(കാർഷിക വികസന ബാങ്കിന് സമീപം)
ഞായർ 10.00 am- 12.00 noon (ആരാധന)



**പാ. മത്തായി മാത്യു (ബേബിച്ചൻ)**
Mob:9947142748
**പെരുമ്പാവൂർ**
വ്യാപാര ഭവൻ
ഞായർ 10 am- 1 pm (ആരാധന)
**പറവൂർ** വ്യാപാരഭവൻ,
മിനികോൺഫ്രൻസ്ഹാൾ
ഞായർ: 2.30 pm- 5.30 pm (ആരാധന)



**പാ.ജോയി**
Mob:8086726173
**കാലടി**
വി.ഐ.പി. ഷോപ്പിംഗ് കോംപ്ലക്സ്
(പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപം).
ഞായർ 10.00 am - 1 pm
(ആരാധന)
**വ്യാഴം:** 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)



**പാ.എം.സി.പൗലോസ്**
Mob:9446688679
**അങ്കമാലി**
സീനായ് ഷോപ്പിംഗ് സെന്റർ,
മുൻസിപ്പൽ ഓഫീസ്റോഡ്
KSRTC ക്കു സമീപം
ഞായർ 10 AM - 1 PM (ആരാധന)
വെള്ളി: 10 am - 5 pm (ഉപവാസ പ്രാർത്ഥന)
ബുധൻ: 5 pm - 8 pm (പുരുഷ കൂട്ടായ്മ)
ശനി: ഭവന പ്രാർത്ഥന



**പാ. അനിൽ എസ്**
Mob:9747900499, 9495166724
**മൂവാറ്റുപുഴ**
പാലപ്പുറം ബിൽഡിംഗ്
ഞായർ: 10 am - 1 pm (ആരാധന)
**കോതമംഗലം** ടി.എം. ജേക്കബ് മെമ്മോറിയൽ ഹാൾ
ഞായർ: 8am -10pm (ആരാധന)



**പാ. ജോസഫ് ഐരാപുരം**
Ph:9447055141
**ഫോർട്ടുകൊച്ചി**
YMCA Hall ചിരട്ടപ്പാലം
ഞായർ: 10 am- 1 pm (ആരാധന)
ഭവന പ്രാർത്ഥന: പ്രസീദ ടീച്ചർ ഭവനം
എല്ലാവ്യാഴാഴ്ചയും 11 am-1.30 pm
**പെരുമ്പടപ്പ്** വിൻസന്റ് ഭവനം
ഞായർ 4 pm - 6.30 pm (ആരാധന)

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ: സജി മാന്താറ്റിൽ**
Ph:9447370460
**തലയോലപ്പറമ്പ്**
പഴയകടവിൽ ബിൽഡിംഗ്
ഞായർ: 10 am- 1 pm (ആരാധന)



**പാ: ആന്റണി.പി.ആർ**
Ph:9388689735
**ചേർത്തല**
സെന്റ് ആന്റണീസ് ബിൽഡിംഗ്, മനോരമ ജംഗ്ഷൻ, നോർത്ത് വയലാർ റോഡ്.
ഞായർ: 10.00 am- 1pm (ആരാധന)
വെള്ളി: 10 am to 4 pm (ഉപവാസ പ്രാർത്ഥന)



**പാ.സി.വി.ഏലിയാസ്**
Ph:9495272708
**പിറവം**
അരവിന്ദൻ ബിൽഡിംഗ് (മാതൃഭൂമി ഓഫീസിനു മുകളിൽ) പിറവം പള്ളിക്കവല, സ്കൂൾ റോഡ്.
ഞായർ:10.00 am- 1.00 pm(ആരാധന)
**പെരുവ**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം, കുന്നപ്പള്ളി
ഞായർ: 2.00 pm- 5.00 pm (ആരാധന) Ph:9495272708



**പാ.ആൽവിൻ ജോർജ്ജ്**
Ph:9400378898
**ആലുവ**
മഠത്തിപ്പറമ്പിൽ റസിഡൻസി, റെയിൽവേ സ്റ്റേഷനു സമീപം
ഞായർ:10 pm -1.00 pm (ആരാധന)

## കോട്ടയം ജില്ല



**പാ:ടോമിച്ചൻ വട്ടപ്പാറയിൽ**
Ph:9744655214
**കോട്ടയം** I M A ഹാൾ
ഡി.സി. ബുക്സിനു സമീപം
ലോഗോസ് ജംഗ്ഷൻ
ഞായർ:9 am - 1 pm (ആരാധന)

**പാലാ** വ്യാപാര ഭവൻ
ഞായർ: 2.00 pm - 5.00 pm (ആരാധന)
**പാമ്പാടി,** ലയൺസ്ക്ലബ്ഹാൾ(ബൈബിൾക്ലാസ്സ്)
ശനി: 10.00 am - 1.00 pm
**വയല** വെള്ളി: 7.00 pm - 9.00 pm
(ഭവന കൂട്ടായ്മ) യൂണിറ്റി ബിൽഡിംഗ്, ഒന്നാം നില, കോട്ടയം മെഡിക്കൽ കോളേജിനടുത്ത്
ചൊവ്വാ 10 am to 1pm (ഉപവാസ പ്രാർത്ഥന)
**വാഴൂർ** ബുധൻ 10 am to 1 pm (പ്രാർത്ഥന)
വ്യാഴം 6 pm to 10 pm (പുരുഷൻമാർ)
വെള്ളി 10 am to 1pm (ബൈബിൾ ക്ലാസ്)
**പാലാ** ടോംസ് ഓഡിറ്റോറിയം
വെള്ളി 2 pm to 5 pm (ബൈബിൾ ക്ലാസ്)
**മണർകാട്** ശനി 6 pm 9 pm (കൂട്ടായ്മ)



**പാ:ടോണി സിറിയക്**
Ph:9388608345,9400502442
പാ. രാജു ഐസക്ക്
Ph: 9744756060
**മുണ്ടക്കയം**
അത്യാലിൽ പ്ലാസ, മൂന്നാം നില



Pr. Raju Issac
Ph: 9744756060

ഞായർ: 9.30 am to 2 pm (ആരാധന)
വെള്ളി: 10 am to 1 pm (ഉപവാസ പ്രാർത്ഥന)
**ഏന്തയാർ ജംഗ്ഷൻ** (ഭവന കൂട്ടായ്മ)
ബുധൻ: 10.00 am to 1.00 pm
പഞ്ചായത്ത് ബസ്സ് സ്റ്റോപ്പിനു പിറകിൽ
**പനക്കച്ചിറ** (ഭവന കൂട്ടായ്മ)
ബുധൻ:2 pm to 5 pm
**എരുമേലി** റോട്ടറി ക്ലബ്ബ്
ഞായർ: 2 pm to 5 pm (ആരാധന)



പാ. അപ്പച്ചൻ
Mob: 9400259087



**പാ. മാനുവൽ അള്ളുംപുറത്ത്**
Mob: 9495723836
**ഈരാറ്റുപേട്ട**
പഴയപറമ്പിൽ റസിഡൻസി കോൺഫ്രൻസ് ഹാൾ
K.S.R.T.C ബസ്സ്റ്റാൻഡിന് സമീപം (കാഞ്ഞിരപ്പള്ളി റൂട്ട് തെക്കേക്കര)
ഞായർ: 10 am to 1 pm (ആരാധന)
ചൊവ്വ വ്യാഴം ദിവസങ്ങളിൽ പുരുഷകൂട്ടായ്മ 6 pm to 8 pm
ചർച്ച് ഹാളിനു സമീപമുള്ള പാസ്റ്ററുടെ ഭവനത്തിൽ
ബുധൻ, ശനി ഭവനകൂട്ടായ്മ 11 am to 2 am



**പാ. സിബിച്ചൻ മലയിക്കൽ**
Mob: 9947260420
**ഏറ്റുമാനൂർ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, (K.S.R.T.C ബസ്സ്സ്റ്റാന്റിനുസമീപം)
ഞായർ: 9am to 1 pm (ആരാധന)
**കുറുപ്പുംതറ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, S.H.കോളേജ് (ജറീക്കോ പ്രാർത്ഥനാലയത്തിനടുത്ത്)
ഞായർ: 3.00 pm to 6.00 pm (ആരാധന)
**പട്ടിത്താനം കവല**
ഞായർ: 6.00 pm to 9.00 pm (ആരാധന)
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
**നീണ്ടൂർ** (മാഞ്ഞൂർ) മാന്താറ്റിൽ സജി ഭവനം
വ്യാഴം 5.00 pm to 8.00 pm (പ്രാർത്ഥന)
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്, മാർക്കറ്റ്ജംഗ്ഷൻ
വെള്ളി 10 am to 1.00 pm (ഉപവാസപ്രാർത്ഥന)
ശനി 6.00 pm to 9.00 pm (പുരുഷകൂട്ടായ്മ)
**പുന്നത്തറ കവല**
അഡ്വ.സിജെ.ജോസഫ്ഭവനം.വെള്ളി 6 pm to 8.30 pm



**പാ. സണ്ണി മുണ്ടക്കയം**
Mob:9400931331
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
ഞായർ:10 am to 1pm (ആരാധന)



**പാ. സണ്ണി കല്ലറ**
Mob:9747162519, 9946122890
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്
ഞായർ:10am to 1pm (ആരാധന)



**പാ: സൈമൺ കെ. ഡാനിയേൽ**
Mob:9387841020
**കറുകച്ചാൽ**
വ്യാപാര ഭവൻ, കോൺഫ്രൻസ് ഹാൾ
ഞായർ: 10 am to 1 pm (ആരാധന)
വെള്ളി:10 am to 1pm (ഉപവാസ പ്രാർത്ഥന)
**പുതുപ്പള്ളി,** ചൊവ്വ 6 pm to 9 pm (പ്രാർത്ഥന)
**മാമ്മൂട്,** ബുധൻ: 10 am to 1 pm (പ്രാർത്ഥന)



Mrs.&Mr. **വിസി. മാത്യു** (പാസ്റ്റർ)
(ജോയിച്ചൻ വണ്ടനാനിക്കൽ) Mob: 9048222384
**പൊൻകുന്നം**
സ്വദേശി റസിഡൻസി
ഞായർ: 9 am 12.30 pm (ആരാധന)



**ചങ്ങനാശ്ശേരി, പാ:യേശുദാസ് പുളിക്കൽ ,** Ph:9446745148
YWCA ഓഡിറ്റോറിയം
ഞായർ: 8.00 am to 10 am (ആരാധന)
**പാ. ബിജു** Ph:9447116820
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)
**മണിമല**
**പാ.സിറിൾ** Mob: 9400333164
അഴകത്ത് ബിൽഡിംഗ്, മണിമല പാലത്തിനടുത്ത്
വ്യാഴം: 10 am 1 pm (പ്രാർത്ഥന)

## ഇടുക്കി ജില്ല



**പാ: ബിജു പി.സാം**
Mob: 9495876219, 9744741907
**അടിമാലി**
വ്യാപാരഭവൻ
ഞായർ 10 am-1 pm (ആരാധന)
**പഴംപള്ളിച്ചാൽ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ വായനശാലയ്ക്ക് സമീപം
ഞായർ 2.30 pm -5.30 pm (ആരാധന)
**ചാറ്റുപാറ** സേവ്യർ ഭവനം.
വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന) (ഉപവാസ പ്രാർത്ഥന)
**മാങ്കുളം(വിരിപാറ)**
വെട്ടിക്കാപ്പിള്ളി ഭവനം
വെള്ളി 6 pm- 8.30 pm (പ്രാർത്ഥന)
**ചെങ്കുളം** പീറ്റർ ഭവനം
ശനി 10 am - 1.00 pm (ബൈബിൾക്ലാസ്സ്)
**പാറത്തോട്** ആത്മാഭിഷേകം വർഷിപ്പ് സെന്റർ (R.C. ചർച്ചിന് മുൻവശം)
ശനി 10.00 am- 1.00 pm (പ്രാർത്ഥന)
**മുക്കാലേക്കർ** എസ്തപ്പാൻ ഭവനം
ആദ്യവെള്ളിയാഴ്ചകളിൽ 10.00 am- 1 pm
**200ഏക്കർ** റോയി ഭവനം ശനി 6 pm-9pm
**ബൈബിൾ ക്ലാസ്സ്**



**പാ:ജോസഫ് വി.റ്റി**
(രാജു മുണ്ടക്കയം)
Ph:9446379625, 9747499619
**തൊടുപുഴ**
വ്യാപാരഭവൻ
കാഞ്ഞിരമറ്റം ജംഗ്ഷൻ
ഞായർ: 10 am- 1 pm (ആരാധന)



**പാ.സിറിൾ**
Mob: 9400333164
**കട്ടപ്പന**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, സാഗര തീയേറ്റർ റോഡ്,
ആൽവിൻ പെയിന്റ്സിന് പുറകുവശം
ഞായർ 10 am- 1pm (ആരാധന)



**പാ:സാജു**
Mob:9447981274
**ചേലച്ചുവട്**
**ആത്മാഭിഷേകം വർഷിപ്പ്സെന്റർ**
Opp. വ്യാപാരഭവൻ
ഞായർ 10 am to 1pm (ആരാധന)

## പത്തനംതിട്ട ജില്ല





Mrs.& Mr.
**യേശുദാസ് പുളിക്കൽ**
(പാസ്റ്റർ)
Ph:9446745148
**തിരുവല്ല**
ആത്മാഭിഷേകം സഭാഹാൾ, മഞ്ഞാടി, ആമല്ലൂർ റോഡ്
ഞായർ: 10.00 am- 1.00 pm (ആരാധന)
വെള്ളി: 10 am -1pm ഉപവാസ പ്രാർത്ഥന
ശനി: 10 am -3 pm കൗൺസിലിംഗ്
**പന്തളം**
കന്യകാ ടെക്സ്റ്റയിൽസിന്റെ ഗ്രൗണ്ട് ഫ്ളോർ,
ഗവ: ആശുപത്രിക്കു സമീപം
ചൊവ്വ: 10.00 am- 1.00 pm



പാ:സി.വി. ജോസ്സി
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)

ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



പാ. ബിജു
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്

ഞായർ: 10.30 am to 1 pm (ആരാധന)
ബുധൻ (പ്രാർത്ഥന)



പാ. ബിനോജ്
Mob: 9539769595
**അടൂർ**
കച്ചേരി മാർക്കറ്റ്

ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



പാ. ബിജു
Ph: 9447116820
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)

സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm

**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am

**ഹരിപ്പാട്** സബ് റെജിസ്ട്രാർ ഓഫീസ് ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm(ബൈബിൾക്ലാസ്)

**കായംകുളം** വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm

**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം, വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



പാ:ജോസ് മാത്യു
Ph:9847872731, 9946586728
**കൊല്ലം** YMCA ഹാൾ, ചിന്നക്കട, റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി** Ph:9847872731, 9946586728
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി** Ph:9847872731, 9946586728
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കുറ്റിവട്ടം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലും മൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.



പാ.കെ.സി. ദേവസ്യ(ദാസ്)
Ph:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ

ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ, വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം 3 pm to 5 pm



പാ:ബിജു സ്കറിയ കുണ്ടറ
Mob:9447248425
**പുനലൂർ**
വിജയ കൃഷ്ണ ബിൽഡിംഗ്
OPP.ശ്രീപത്മനാഭ തിയേറ്റർ
QS.റോഡ്

ഞായർ:10.00 am to 1.00 pm (ആരാധന)
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും (പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ കുളത്തൂപ്പുഴ** (ഭവനകൂട്ടായ്മ)

## തിരുവനന്തപുരം ജില്ല



പാസ്റ്റർ:ജോർജ്ജ് തോമസ്
കുടിപ്പാറ
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ

ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ. നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30pm), 4-ാം ഞായർ (12.30pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ 12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ,** ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട,** അംബികാ ഭവനം എല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)

കുടുംബ കൂട്ടായ്മകൾ:-
വലിയതുറ, 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
ആന്നാട്, 2-ാം ചൊവ്വ ബാബുഭവനം 10.30 am
ചന്തവിള 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
കുടപ്പനക്കുന്ന്, 4-ാം ചൊവ്വ ശശിഭവനം 6.30 pm
മുട്ടട, ആത്മാഭിഷേകം ഓഫീസ് എല്ലാ ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
L.M.S.Nagar, എല്ലാ വെള്ളിയാഴ്ചയും ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
ഊരുട്ടമ്പലം, 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
വലിയവിള, 2-ാം ബുധൻ ജയചന്ദ്രൻ ഭവനം 4.30 pm
കരമന, 3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
കിള്ളി, 4-ാം ബുധൻ ബിജുഭവനം 6 pm
വെങ്ങാന്നൂർ, 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
ഉദിയൻകുളങ്ങര, 2-ാം വ്യാഴം ശശിഭവനം 4.30 pm
പേരൂർക്കട, 2-ാം വ്യാഴം സാവിത്രിഭവനം 10.30am
ഞണ്ടൂർകോണം 3-ാം വ്യാഴം ആന്റണി ഭവനം 4.30 pm
കുറ്റ്യാനി, 4-ാം വ്യാഴം രാജൻ ഭവനം 4.30 pm
മരുതൂർ, 1-ാം ശനി സദാശിവൻ ഭവനം 5.30 pm
സന്തോഷ് നഗർ, 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
നെട്ടയം, 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, പാറോട്ട്കോണം,4-ാം ശനി മനോജ് ഭവനം 5.30 pm



പാസ്റ്റർ വിനു നടയ്ക്കൽ
Mob: 9744569559
**പാറശാല**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ് റെയിൽവെ പാലത്തിന് സമീപം, കാരക്കോണം റൂട്ട്)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Pr. Raj Mohan**
Ph: 09958328119,
07838681789

### DELHI

Delhi - Athmabhishekam prayer hall
Plot no: 11. Nawada housing complex
Near metro pillar no: 786
and Dwaraka mor Red light
Dwaraka mor (Metro) NewDelhi-59

Sunday school- 9am - 10am
Worship 10am-1pm (Hindi & Malayalam)
Tuesday- 6pm-8.30pm. Mohan Garden (Hindi)
Wednesday - 6.30pm- 9pm. Bible study (malayalam)
At Athmabhishekam prayer hall
Thursday- 6pm-8pm. Kalkaji (Malayalam)
Friday- Palam-Rajnagar II-6.30pm-8pm. (Hindi)
10am-1.00pm - Fasting Prayer. Fasting prayer
At Athmabhishekam prayer hall
Saturday-R.R Hospital (Army church) 4.30pm-6.30pm (Hindi)
Every second saturday- 9am - 2pm-Youth Meeting
At Athmabhishekam prayer hall

### MAHARASHTRA (Kamothe)



**Pr. Radhakrishnan**
Ph: 8086425080

Navi Mumbai Athmabhishekam Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm

### GUJARAT




Mrs. & Mr.
Samachen
(Pastor)
Mob:
09737930414
09904422339, 08460985339
Sunday Worship 10 am - 1 pm

### KARNATAKA
Moodubidri



Pr. Francis

Manglore worship centre
Seldhanacompound
Near Forest office
Moodubidri
Ph: 940078917
9880862932

### CHENNAI




Pr. Tony Cyriac
Ph: 9400502442

Pr. Raju Issac
Ph: 9744756060

Grace Matriculation School
Near Hot Chips Bus Stop & Shanthi
Colony Road,No. 4, L Block, 12th main
Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

### Coimbatore (Pothannur)




Mrs. & Mr.
Wilson (Pastor)
Ph:
09585290142

M.G.Community Hall, Opp. Railway Hospital. Sunday Worship 10 am - 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

## FELLOWSHIPS IN ABROAD

### AMERICA

**Newyork**
**(Hicksville)**
**Every Fridays**
**4pm -7pm**
**For your PrayerRequest**
**Ph.: 001 5166432037**

### CANADA



908-1585
Ernest Ave

Pr. Dollet Zacharia
Ph: 0012262241417

### UAE Sharja



Pr.Jiji
Ph:00971503631158

Friday
10 am to 12.30 noon
Praise and Worship

### YEMEN(SANA)



Pr.Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a
And Athmabishekam worship center,
Safia.Sana'a
Sunday
prayer 5pm to 6.30pm at
Kuwait Hospital and
Saudi German Hospital. sana'a.

### BAHRAIN.

Pr. Raju Issac
Ph: 00973 3235 5290
0097333234007



Every
Thursday
8 pm to 10 pm

South Park, Gwudhebia
(Friday 9.30 am to 12 pm)
Tuesday 7.30 pm to 9 pm)
Prayer Meeting

### KUWAIT



Pr. Sojan
Zacharias
Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA

Pr. Sabu Francis
Ph: 00965 97711267



Friday
9 am to 12 noon

Caesar's Travel &
Tourism Basement

Dr. Viji
Ph:0096566394954



English worship
(Friday)
6.30 pm to 9 pm

Indian
PublicSchool

### ABBASSIYA




Pr. jomon & Pr.Samson
Ph: 00965 97207125
00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF



Pr.Roy
Ph:00965
65929880
Friday
9 am to 12 noon

Pr.Tomy Mannoor
Ph:00965
96035928



### MAHBULA

Saturday
7 pm to 9 pm




Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496

### FORWANIA

Friday 7 Pm to9 PM

# Christian Apologetics

# ക്രിസ്തീയ ന്യായവാദശാസ്ത്രം

## Part 3

‘ശങ്കരൻ പിന്നെയും തെങ്ങിൽ’ ത്തന്നെ ആയിരിക്കും എന്നു പറയുന്നതുപോലെ ദാവീദിന്റെ ആത്മീയസാഹിത്യവും മോശയുടെ യോഗ്യതകളിലേക്കും പൊയ്ക്കൊണ്ടേയിരിക്കും. അങ്ങോട്ടൊക്കെ നാം എന്തുമാത്രം പോകാം? പൗലോസ് പോയതുപോലെ പോകാം. എബ്രായലേഖനത്തിൽ പറയുന്നതല്ലേ നാമിപ്പോൾ വായിക്കുന്നതും ചിന്തിക്കുന്നതും. ഇവിടെ അപ്പൊസ്തലന്മാർ എഴുതിയ ലേഖനങ്ങളിൽ ഒന്നുപോലുമോ, സുവിശേഷങ്ങളിൽ ഒന്നുപോലുമോ ഒരു സങ്കീർത്തനവചനം പറഞ്ഞ് വന്ദിച്ചുകൊണ്ടല്ല ആരംഭിക്കുന്നതെന്നും, ചിലപ്പോഴെല്ലാം ആത്മാവിൽ വെളിപ്പെടുമ്പോൾ സങ്കീർത്തനങ്ങൾ ഉദ്ധരിക്കുന്നുണ്ടെന്നും നാം തിരിച്ചറിയണം; തിരിച്ചറിഞ്ഞേ പറ്റൂ. യഥാർത്ഥ ക്രിസ്തീയ സഭകളെല്ലാം അപ്പൊസ്തലിക ശുശ്രൂഷയെയാണ് മോഡലാക്കേണ്ടത്. 1 തിമോ.3:5,6 കുറിയ്ക്കാം. “സ്വന്ത കുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും. നിഗളിച്ചിട്ട് പിശാചിന് വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യനും അരുത്”

### പുതിയ ശിഷ്യൻ

അദ്ധ്യക്ഷന്മാരുടെ (1. അപ്പൊസതലന്മാർ. 2. പ്രവാചകന്മാർ 3. ഇടയന്മാർ. 4. സുവിശേഷകന്മാർ. 5. ഉപദേശകന്മാർ + 6. വിവിധ സഭാശുശ്രൂഷകരായി സഭയിലെ പാസ്റ്റർമാരെ സഹായിക്കുന്നവർ അഥവാ മൂപ്പന്മാർ) യോഗ്യതകൾ അപ്പൊസ്തലനായ പൗലോസ് വിവരിക്കുന്നതിനിടയിലാണ് ഈ വാക്യങ്ങൾ കുറിച്ചത്. 1 തിമോ.3:5,6 വാക്യങ്ങളിൽ വന്നിരിക്കുന്ന ആശയങ്ങൾ കുറിയ്ക്കാം.

1. സ്വന്ത കുടുംബത്തെ ഭരിക്കുക എന്നതിന്റെ അർത്ഥം ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ദാമ്പത്യബന്ധവും അവർ തമ്മിലും മക്കൾ ഉൾപ്പെടെയുള്ളവരുമായുള്ള ധാർമ്മികവും ആത്മികവുമായുള്ള ബന്ധങ്ങളും വിശുദ്ധമായിരിക്കണം എന്നാണ്. അല്ലാതെ വരവുചെലവുകൾ നോക്കുന്നതോ പുതിയവീടിന് കട്ള വെയ്ക്കൽ ശുശ്രൂഷ ചെയ്യുന്നതോ മക്കളുടെ വിവാഹ കർമ്മങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതോ






ഒന്നുമല്ല.

2. അടിസ്ഥാന സഭയായ കുടുംബസഭയെ പരിപാലിക്കുവാൻ അറിയുന്നവർക്കേ കർത്താവിന്റെ സഭയെ പരിപാലിക്കുവാൻ കഴിയൂ.

3. നിഗളമെന്ന പാപം പല തരത്തിലുണ്ട്. സർവ്വശക്തൻ ദൈവമായ യേശുവാണ്. അവന് തുല്യമാണ് താൻ എന്നോ, അവനേക്കാൾ വലിയവനാണ് താൻ എന്നോ, സ്വയം തോന്നത്തക്കവണ്ണം ആത്മീയതയിലോ, ആരോഗ്യത്തിലോ സാംസ്ക്കാരികമായോ മതപരമായോ ഉള്ള ഒരു തോന്നിപ്പിലേക്ക് പതുക്കെ പ്പതുക്കെ ഉയരാൻ തുടങ്ങുന്നതാണ് നിഗളത്തിന്റെ ഒന്നാം ഭാവം. രണ്ടാം ഭാവം സഭയുടെ ഉയരത്തിലുള്ള വ്യക്തിക്കോ വ്യക്തികൾക്കോ എതിരെ ചിന്തയുണ്ടാകുന്നു. മൂന്നാമത്തേത് മാതാപിതാക്കൾ ഉൾപ്പെടെ രാഷ്ട്രീയ – സാമൂഹ്യ പ്രവർത്തനമണ്ഡലങ്ങളിൽ വിരാജിക്കുന്നവർക്കെതിരെ അത്തരം ചിന്തയുണ്ടാകുന്നു.

4. ഇതെല്ലാം പിശാചിന് വന്ന ശിക്ഷാവിധിയിൽ, നിഗളിക്കുന്നവർ വീഴാൻ സഹായിക്കും.

5. 'പുതിയ ശിഷ്യന്' സഭാപരിപാലനച്ചുമതല കൊടുത്താൽ അവർ പല വിധത്തിലും അഹങ്കരിക്കും. തഴക്കവും പഴക്കവും വന്നിട്ടേ 'പാസ്റ്റർ ചുമതല' കൊടുക്കാവൂ. 'പുതിയശിഷ്യൻ' അവിവാഹിതനാണെങ്കിൽ, തീർച്ചയായും പ്രേമചാപല്യങ്ങൾക്ക് ഒന്നിലേറെത്തവണ അടിമപ്പെട്ടേക്കാം. കുറച്ച് പാടുന്നവരോ നന്നായി പ്രസംഗിക്കുന്നവരോ ആണെങ്കിൽ രഹസ്യമായി പ്രേമവും അതീവരഹസ്യമായി പണസമ്പാദ്യസ്വഭാവവും, താൻ മിടുക്കനായ അഭിഷിക്തനാണെന്ന് തെളിയിക്കുവാൻ കപടസംസാരരീതിയും ഒക്കെയുണ്ടാകാം.

6. പുതിയ ശിഷ്യനിലൂടെ ഭിന്നിപ്പും വിഘടനവാദവും ഒക്കെ സംഭവിക്കാം.

എബ്രാ.11:5 – വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന്






അവൻ എടുക്കപ്പെടുന്നതിനു മുമ്പെ സാക്ഷ്യം പ്രാപിച്ചു.

**എബ്രാ.11:6** - എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടെന്നും, തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലയോ.

ഒരു വിശ്വാസിയുടെ (വിവിധ മതങ്ങളിൽ നിന്ന് വേർപെട്ടല്ലേ വിശ്വാസിയായത്) വിശ്വാസത്തിലധിഷ്ഠിതമായ ജീവിതത്തിന്റെ തുടക്കം ദൈവത്തോടുകൂടെ നടന്നായിരുന്നു. എഫേ.2:2 അനുസരിച്ച് നാമെല്ലാം ഈ ലോകത്തിന്റെ കാലഗതിക്കനുസരിച്ച് നടന്നവരാണ്; സ്വയം പുകഴ്ചയിലും ടെൻഷനിലും, ഭാവിയെക്കുറിച്ച് യാതൊരു പ്രതീക്ഷയും ഇല്ലാതെ ജീവിക്കുന്നവരാണ്.

ഹാനോക്ക് എടുക്കപ്പെന്നതിനുമുമ്പു തന്നെ അദ്ദേഹത്തിനറിയാമായിരുന്നു എടുക്കപ്പെടുമെന്ന്. അന്നാണെങ്കിൽ സ്ഥിരമായി പരിശുദ്ധാത്മാവ് സ്ഥിരമായി ആരിലും ആവസിച്ചിരുന്നില്ല. സഭയോ വേദപുസ്തകമോ ഇല്ലായിരുന്നു. യൂദാ ലേഖനത്തിൽ 14,15 വാക്യങ്ങളിൽ ആദാം മുതൽ 7-ാമനായ ഹാനോക്ക് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഹാനോക്കിന്റെ വിശ്വാസത്തിന്റെ പ്രതിഫലമായിരുന്നു എടുക്കപ്പെട്ടു എന്നുള്ളത്. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണെന്ന് അവൻ അറിഞ്ഞിരുന്നു. എല്ലാവിധ ശാപത്തിൽ നിന്നും ഹാനോക്കിനെ ദൈവം മാറ്റിനിർത്തിയിരുന്നു. പുതിയനിയമത്തിലെ നമ്മുടെ കർത്താവിന്റെ അടുത്ത വരവോടുകൂടി നാമേവരും (യഥാർത്ഥസഭ) എടുക്കപ്പെടും എന്നതിന്റെ ഒരു മുൻകുറിയാണ് ഹാനോക്കിന്റെ എടുക്കപ്പെടൽ. 11-ന്റെ 6-ൽ വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ലെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിലല്ലാതെ ഏതെങ്കിലും പുണ്യവാളന്മാരിലോ, ക്രിസ്തുവിന്റെ അമ്മെയങ്കിലും മറിയത്തിലൊ, ക്രിസ്തു മരിക്കപ്പെടുവാൻ സഹായകമായ കുരിശിലോ വിശ്വസിച്ച് അവയുടെ മാദ്ധ്യസ്ഥ്യം തേടുന്നവരൊട്ടാകെ ക്രിസ്തുവിലുള്ള 100% വും





**വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം കുഞ്ഞിനെ തന്നു**

എന്റെ പേര് ലൈബി. പത്തനംതിട്ടജില്ലയിലുള്ള തിരുവല്ലയിലാണ് ഞാൻ താമസിക്കുന്നത്. 2012-ലാണ് എന്റെ വിവാഹം നടന്നത്. എനിക്ക് കുഞ്ഞുങ്ങളില്ലായിരുന്നു. ഓവുലേഷനിലെ തകരാറ് മൂലം മൂന്നുവർഷത്തോളം കുഞ്ഞുങ്ങളുണ്ടാകാത്തതായിരുന്നു എന്റെ പ്രശ്നം. മരുന്നുകളും ചികിത്സകളും ചെയ്തെങ്കിലും അതിനൊന്നും ഈ പ്രശ്നത്തെ പരിഹരിക്കുവാൻ കഴിഞ്ഞില്ല. അങ്ങനെയിരിക്കെയാണ് 2015 മാർച്ചിൽ ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ സാധിച്ചത്. അവിടെവച്ച് സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥനക്കുശേഷം സാർ എന്നോടു പറഞ്ഞു ജൂണിലൊ ജൂലൈയിലൊ കുഞ്ഞിനെകിട്ടുമെന്ന്. സാറിലൂടെ യേശു എനിക്കു തന്ന വാഗ്ദാനം ഞാൻ വിശ്വസിച്ചു. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം ജൂണിൽ തന്നെ എന്റെ ഉദരത്തിൽ ഒരു കുഞ്ഞിനെ തന്നു. ഇപ്പോൾ കുഞ്ഞിന് 5 മാസം പ്രായമായി. എന്നെ അനുഗ്രഹിച്ച കർത്താവിനെ ഞാൻ സ്തുതിക്കുന്നു.

**ലൈബി, തിരുവല്ല, Ph:8086882794**




വിശ്വാസത്തെക്കാൾ കുറഞ്ഞ വിശ്വാസമുള്ളവരാവുകയോ, ക്രിസ്തുവിലുള്ള വിശ്വാസം അപ്രാപ്യമാണെന്ന സങ്കൽപ്പത്താൽ അവരുടെ വിശ്വാസം ഗൗരവമായി കുറയുന്നതിനാൽ പ്രമാണലംഘനം, വചനപ്രകാരമുള്ള ഉറച്ച 'വിശ്വാസക്കേട്' എന്നീ പാപം ചെയ്യുന്നവരായിത്തീരുകയും ചെയ്യുന്നു.

ക്രിസ്തു ഗാഗുൽത്താമലയിൽ അർപ്പിച്ച ഏകബലിയർപ്പണത്തിൽ – സകലത്തിനും മതിയായ ആ ഏക ബലിയർപ്പണത്തിൽ വിശ്വസിക്കുന്നതിനു പകരം അനുദിനമോ ആഴ്ചതോറുമോ ഉള്ള മാനുഷികമായ ബലിയർപ്പണങ്ങളിൽ ആചാരാനുഷ്ഠാന സ്വഭാവത്താലുള്ള ആരാധനകൾ അർപ്പിക്കുന്നുവെങ്കിൽ അതും സത്യവിശ്വാസത്തിനെതിരെയുള്ള കടന്നാക്രമണമാണ്. ക്രിസ്തുവിന് പകരക്കാരനായോ പ്രമോട്ടറായോ ബിഷപ്പിനെയോ, ഫാദറിനെയോ, പാസ്റ്ററിനെയോ ഏതെങ്കിലും വനിതാശുശ്രൂഷകരെയോ കരുതുന്നുവെങ്കിൽ അതും യഥാർത്ഥ വിശ്വാസത്തിൽ നിന്നും വ്യതിചലിക്കലാണ്. ക്രിസ്തുവിന് പകരം ക്രിസ്തു മാത്രം. പിതാവിന് പകരം പിതാവ് മാത്രം. പരിശുദ്ധാത്മാവിന് പകരം പരിശുദ്ധാത്മാവ് മാത്രം. വചനത്തിനു പകരം വചനം മാത്രം. അങ്ങനെയല്ലാതെ വരുന്നതെല്ലാം അവിശ്വാസമാണ്. അവിശ്വാസിക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

ഒരു യഥാർത്ഥ ദൈവവിശ്വാസിയുടെ പ്രത്യേകത അയാൾക്ക് കൂടെക്കൂടെ പാപബോധവും പശ്ചാത്താപവും ഉണ്ടാകും എന്നതും അയാൾ എന്ത് ചെയ്യുന്നതും ദൈവനാമമഹത്വത്തിനായിരിക്കും എന്നതുമാണ്. വചനത്തിലെന്തെഴുതി വച്ചിരിക്കുന്നുവോ, ആ ദൈവഹിത പ്രകാരമായിരിക്കും അയാളുടെ അനുദിനജീവിതം. വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തുമ്പോൾ (1 തിമോ.6:12) ശത്രുവായ പിശാചിനെ പരാജയപ്പെടുത്തുവാനും കഴിയും (1 പത്രൊ.5:8,9). ഹാബേലിന്റെ വിശ്വാസജീവിതം ഉത്തമമായ ആരാധനകൊണ്ട് അംഗീകരിക്കപ്പെട്ടുവെങ്കിൽ ഹാനോക്ക് ദൈവത്തോടൊപ്പം നടന്നുവെന്നതിൽ അംഗീകാരം കണ്ടെത്തുകയായിരുന്നു. ഒരു ദൈവം ഉണ്ടെന്ന നിഗമനമല്ല വിശ്വാസം, ഒരു ദൈവം സത്യദൈവമാണെന്ന് വിശ്വസിക്കുകയാണ് വിശ്വാസം. എന്നിട്ട് ആ ദൈവത്തോടൊപ്പം മാത്രം നടക്കണം. ഹാനോക്ക് ദൈവത്തോടൊപ്പം നടന്നെങ്കിൽ, പുതിയനിയമത്തിലെത്തുമ്പോൾ ദൈവം നമ്മുടെയുള്ളിൽ (എമ്മാനുവേൽ) ആയി വസിച്ച് തന്റെ കൃപയാൽ നമ്മെ വഴി നടത്തുകയായിരിക്കും ചെയ്യുക. പഴയനിയമപ്രകാരം ഏറ്റവും നല്ല കടിഞ്ഞൂലാട്ടിൻകുട്ടിയെ ദൈവത്തിനായി അർപ്പിച്ച് ആരാധന നടത്തുകയായിരുന്നു ഹാബേൽ ചെയ്തതെങ്കിൽ പുതിയനിയമപ്രകാരം ഏകബലിയർപ്പണം നടത്തിയ ക്രിസ്തുവിന്റെ ആലയമായി നാം തീരുകയും നമ്മുടെ ശരീരത്തെയും മനസ്സിനെയും നല്ല ആരാധനാ വസ്തുക്കളാക്കി തീർക്കുകയും ചെയ്തുകൊണ്ട് "ആത്മാവിലും സത്യത്തിലും" ഉള്ള ആരാധന സ്വയം നടത്തുകയും ചെയ്യുകയാണ്.

11:7 വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു. അതിനാലവൻ ലോകത്തെ കുറ്റം വിധിച്ച് വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായിത്തീർന്നു.

നോഹയുടെ പ്രവൃത്തി, അതുവരെ മോഡലൊന്നുമില്ലാതെയുള്ളതായതുകൊണ്ട് വിശ്വാസത്തിന്റെ മാത്രം പ്രവൃത്തി ആയിരുന്നു. പ്രളയത്തെപ്പറ്റിയും പെട്ടകത്തെപ്പറ്റിയും വാഗ്ദത്തമല്ലാതെ തെളിവൊന്നും വേണ്ട എങ്കിൽ വാഗ്ദത്തത്തിൽ വിശ്വസിക്കുവാൻ പറ്റുക എന്ന അസാദ്ധ്യത്തെ നോഹ സാധ്യമാക്കിത്തീർത്തു എന്ന് പറയുവാൻ കഴിയുന്നു.

ദൈവം ഒരു മാദ്ധ്യമത്തെ നൽകുകയാണ് ഉണ്ടാക്കാൻ പോകുന്ന പെട്ടകം വഴി. പൂർണ്ണഹൃദയത്തോടെ നോഹ ദൈവത്തെ തേടിയതു പെട്ടകത്തെ ഉണ്ടാക്കുക എന്ന വിശ്വാസത്തിന്റെ പ്രവൃത്തി ആചരിച്ചുകൊണ്ടാണ്. ദൈവത്തിന്റെ കൃപയിൽ നല്ലപോലെ വിശ്വസിച്ചു എന്നുള്ളതാണ് മർമ്മം. ആ പെട്ടകം ഉണ്ടാക്കുമ്പോൾ




മറ്റുള്ളവർ പരിഹസിച്ചു. അപ്പോൾ തിരിച്ച് പരിഹസിക്കാതെ അവന്റെ ഹൃദയം ദൈവഭക്തി കൊണ്ട് നിറയുകയാണുണ്ടായത്. നീതി പ്രസംഗിയായ നോഹ (2 പത്രോ.2:5) യുടെ പ്രസംഗം കേട്ടവരാരും ദൈവവിശ്വാസത്തിലേക്ക് വന്നില്ലെങ്കിലും നോഹ തന്റെ പ്രസംഗം നിർത്തിയതുമില്ല. കൈകൾ കൊണ്ടുള്ള പ്രവർത്തനമായ 'ബോട്ടുനിർമ്മാണം' നിർബ്ബാധം തുടരുകയും ചെയ്തു.

ഹാബേൽ ബലിയർപ്പിച്ച ആട്ടിൻകുട്ടി ക്രിസ്തുവിന്റെ ബലിമരണത്തിന്റെ ഒരു യഥാർത്ഥ നിഴലാണ്. നോഹയുടെ കപ്പലാകട്ടെ ന്യായവിധിയിൽ നിന്ന് രക്ഷ പ്രാപിക്കുന്ന രക്ഷാസങ്കേതമായി ക്രിസ്തുവിന്റെ തന്നെ നിഴലാണ്. പ്രളയമാകട്ടെ പെട്ടന്നുള്ള ന്യായവിധിയുടെയും നിഴലാണ് (മത്താ.24:37-39, ലൂക്ക.17:26). ജലപ്രളയത്തിൽ നിന്നും നോഹയ്ക്ക് കുടുംബാംഗങ്ങളോടൊപ്പം വിടുതൽ ലഭിച്ചു. ഈ വിടുതൽ ഗാഗുൽത്താസംഭവത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം കൂടി ദൈവം ഒരുക്കിയിരിക്കുന്ന മഹാ രക്ഷയുടെ നിഴലുമാണ്.

നോഹയുടെ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതം പെട്ടകനിർമ്മാണത്തോടുബന്ധപ്പെടുത്തി പ്രവൃത്ത്യാധിഷ്ഠിതമായിരുന്നു. പെട്ടകത്തിലെ സ്റ്റിയറിംഗും ബ്രേക്ക് സിസ്റ്റവുമൊക്കെ അവൻ ഭാവനയിൽ കണ്ടുകൊണ്ട് ചെയ്യുകയായിരുന്നു. എല്ലാം അവന്റെ വിശ്വാസത്തിലെ ദർശനം പ്രാപിക്കലായിരുന്നു. അതേവരെ ലോകത്തിൽ മഴ പെയ്തിരുന്നില്ല (ഉല്പ.2:6). അതുകൊണ്ടു തന്നെ ജലപ്രളയവും ഉണ്ടായിട്ടില്ല. ദൈവത്തോട് കൂടിയപ്പോൾ ദൈവം എല്ലാം ദർശനത്തിൽ കൊടുത്തു. അവന്റെ വിശ്വാസം ഭയഭക്തിപൂണ്ടതായിരുന്നു. നരകശിക്ഷയെ ഓർത്തുകൊണ്ടുള്ള ഭയം, ഭക്തി എന്നിവയായിരിക്കാം. അതോ അനന്തസ്നേഹമായ ദൈവം ദൈവമാണെന്നറിയുമ്പോൾ, താൻ എത്രയോ പാപിയാണെന്ന് തിരിച്ചറിയുമ്പോൾ ഉണ്ടാകുന്ന ഭയഭക്തികളാണോ? അതോ, പരിശുദ്ധാത്മാവ് നമ്മുടെമേൽ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യേക ആദ്ധ്യാത്മിക അവസ്ഥയാണോ? ഏത് വേണമെങ്കിലുമാകാം. മൂന്നാമത് പറഞ്ഞതാകാം.

തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തീർത്തു എന്നു നാം വായിച്ചു. തന്റെ മാത്രം രക്ഷയല്ല. നാട്ടുകാരുടെ രക്ഷയ്ക്കായി നോഹ ദൈവവചനം എല്ലാവരോടും പറഞ്ഞു; പക്ഷേ, തന്റെ കുടുംബം മാത്രം തന്നോടൊപ്പം പെട്ടകത്തിൽ കയറി. സകല ജീവജാലങ്ങളുടെയും ഇണകളെയും കയറ്റി. തന്റെ കുടുംബാംഗങ്ങൾ കയറിയതിനാൽ സന്തതിപരമ്പരകൾ ഉണ്ടായി. ലോകരെ മുഴുവൻ പേരെയും രക്ഷയിലേയ്ക്ക് നയിക്കുവാൻ പറ്റിയെന്നു വരില്ല. എന്നാൽ സ്വകുടുംബത്തെ മുഴുവൻ ദൈവഭാഗത്തേക്ക് കൊണ്ടുവരാൻ കഴിയാതെയിരിക്കില്ല.

വിശ്വാസത്താലുള്ള നീതി നോഹയെത്തേടിയെത്തി. പഴയനിയമകാലത്ത് ദൈവത്തിൽ ശക്തമായി വിശ്വസിക്കുമ്പോൾ ദൈവം നൽകുന്ന അതിശക്തമായ സമാധാനവും സന്തോഷവും ആകുന്ന നീതിയായിരുന്നുവെങ്കിൽ പുതിയനിയമകാലത്ത് പിതാവ് ആഗ്രഹിക്കുന്നത് യേശുക്രിസ്തു എന്ന ഏകനിൽ (റോമ.5:17) നാം വിശ്വസിക്കണമെന്നാണ്. പഴയനിയമകാലവിശ്വാസവീരന്മാർ പിതാവിനെ ദൈവമായി കണ്ടാരാധിച്ചു വിശ്വസിച്ചു എങ്കിൽ പുതിയനിയമം പഠിപ്പിക്കുന്നത് തന്റെ പുത്രൻ വഴി രക്ഷപ്രാപിക്കാനാണ്. അതാണ് ദൈവഹിതമെന്ന് പുതിയനിയമം പ്രത്യേകിച്ച് യോഹന്നാൻ 3 മുതൽ 10 വരെ അദ്ധ്യായത്തിൽ പ്രത്യേകം പഠിപ്പിക്കുന്നു. യോഹ.6:29 - യേശു അവരോട്: "ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ, നിങ്ങൾ വിശ്വസിക്കുന്നതത്രേ."

നീതിമാൻ എന്ന സർട്ടിഫിക്കറ്റ് അബ്രഹാമിനു മുമ്പേ നോഹയ്ക്ക് ലഭിക്കുകയുണ്ടായി. വേദപുസ്തകത്തിൽ കൃപ എന്ന വാക്കും ആദ്യം രേഖപ്പെടുത്തിവെച്ചിരിക്കുന്നത് നോഹയെപ്പറ്റി പ്പറയുമ്പോഴാണ്. നോഹ മുഖാന്തരമാണ് മനുഷ്യവർഗ്ഗത്തിന്റെ ജീവൻ നിലനിർത്താൻ കഴിഞ്ഞത്.

11:8-12 - "വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി

# Christian Apologetics ക്രിസ്തീയ ന്യായവാദശാസ്ത്രം Part 3

കിട്ടുവാനിരുന്ന ദേശത്തേയ്ക്ക് യാത്രയാവാൻ വിളിക്കപ്പെട്ടത് അനുസരിച്ച് എവിടേയ്ക്ക് പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ വാഗ്ദത്തദേശത്തു ഒരു അന്യദേശത്തു എന്നപോലെ ചെന്നു വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസഹാക്കിനോടും യാക്കോബിനോടുംകൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ടു ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു. വിശ്വാസത്താൽ സാറായും വാഗ്ദത്തം ചെയ്തവനെ വിശ്വസ്തൻ എന്ന് എണ്ണുകയാൽ പ്രായം കഴിഞ്ഞിട്ടും പുത്രോൽപ്പാദനത്തിനു ശക്തി പ്രാപിച്ചു".

ആദാം മുതൽ നോഹ 10–ാമനും, നോഹ മുതൽ അബ്രഹാം 11–ാമനും ആകുന്നു. വിശ്വാസികളുടെ പിതാവായിട്ടാണ് അബ്രഹാം അറിയപ്പെടുന്നത്. ഗലാ.3:7 അനുസരിച്ച് ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ആരായിരുന്നാലും അബ്രഹാമിന്റെ മക്കൾ തന്നെയാണ്. അതൊരു ആത്മീക പിതൃത്വമാണ്. അബ്രഹാം ഒരു വിഗ്രഹാരാധനക്കാരനായിരിക്കുമ്പോഴാണ് 'വൻവിളി' അവന് ലഭിച്ചത് (യോശുവാ.24:2,15, അപ്പൊ.7:2). ഉല്പ.12:1–ൽ "നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു ഞാൻ നിന്നെ കാണിക്കാനിരിക്കുന്ന ദേശത്തേയേക്ക് പോക" പരീക്ഷ ആരംഭിച്ചത് ഈ കല്പനയോടെയാണ്. ജന്മസ്ഥലവും നാടും വീടും എല്ലാം ഉപേക്ഷിക്കുവാൻ പറയുകയാണ്. ഇന്നത്തെ വിശ്വാസിയോടുള്ള ബന്ധത്തിൽ അവന്റെ പഴയസ്ഥാനമാനങ്ങളെ വിടുന്നവർ എത്ര പേർ ? എല്ലാം ഉപേക്ഷിച്ചുവേണം നാം കർത്താവിലേക്കു വരുവാൻ. 1 യോഹ.5:19 അനുസരിച്ച് ലോകം മുഴുവൻ ദുഷ്ടന്റെ അധീനതയിലാണ്. ദുഷ്ടന്റെ അധീനതയിലായ സ്ഥലത്തുനിന്നും വീട്ടിൽ നിന്നും ബന്ധുക്കളിൽ നിന്നും എല്ലാം നാം 1 കൊറി.6:14–ൽ പറയുംപോലെ വിശുദ്ധിയും വേർപാടും എടുക്കണമെന്നതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ് അബ്രഹാമിന്റെ ചരിത്രസംഭവം. ആ പഴയ പാപസ്ഥലങ്ങളിൽ കുടുങ്ങി നിന്നാൽ ക്രിസ്തുവിൽ എത്താൻ വളരെ വൈകും. പുതിയ സൃഷ്ടിയാകണമെങ്കിൽ, പഴതെല്ലാം കടന്നുപോവുകയും പുതിയതൊക്കെയും സംഭവിക്കുകയും ചെയ്യണമെങ്കിൽ നാം ക്രിസ്തുവിൽ ആയിത്തീരണം (2 കൊരി.5:17).



## കാലിന്റെ ഒടിവിന് അത്ഭുതസൗഖ്യം

എന്റെ പേര് സുദർശനൻ. സ്വദേശം തിരുവല്ല. 2014 ഡിസംബർ 15–ന് ഒരു ആക്സിഡന്റിനെ തുടർന്ന് കാലിനും കൈയ്ക്കുമൊക്കെ ഒടിവുണ്ടായി. ജോലിക്കു പോയിരുന്ന എനിക്ക് യാതൊരു ജോലിയും ചെയ്യാൻ വയ്യെന്നായി. അങ്ങനെ വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന സമയത്താണ് എന്റെ ഭാര്യ മെയ് മാസത്തിൽ തിരുവല്ലായിൽ നടന്ന ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കുന്നതും സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതും. സാറിന്റെ പ്രാർത്ഥനയാൽ രോഗികൾക്കുവിടുതൽ നൽകുന്ന കർത്താവ് എനിക്കുവേണ്ടിയും പ്രവർത്തിക്കുവാൻ തുടങ്ങി. സാർ ഭാര്യയോടു പറഞ്ഞു 'J' എന്നു തുടങ്ങുന്ന ഒരു മാസത്തിൽ നടക്കുവാൻ തുടങ്ങുമെന്ന്. അതുപോലെ തന്നെ ജൂലായ് മാസത്തിൽ ഞാൻ അത്ഭുതകരമായി നടക്കുവാൻ തുടങ്ങി. ബന്ധിതർക്ക് മോചനവും രോഗികൾക്ക് വിടുതലും നൽകുന്ന കർത്താവ് ഇന്നും ജീവിക്കുന്നു. ഈ യേശുകർത്താവിനെ എല്ലാവരും അറിയേണ്ടതുപോലെ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിനായി ഈ സാക്ഷ്യം ഇവിടെയെഴുതുന്നു. എന്നെ അനുഗ്രഹിച്ച കർത്താവിന് കോടാനുകോടി സ്തുതിയും സ്തോത്രവും ആരാധനയും. **സുദർശനൻ, തിരുവല്ല, Ph:9446443469**

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 3

അബ്രഹാമിന്റെ വേർപാടും അനുസരണവും കണ്ടാണ് സ്വർഗ്ഗം അബ്രഹാമിനെ മാനിച്ചത്. ഒരു ദൈവപൈതൽ പാപത്തിൽ നിന്നും ലോകമോഹങ്ങളിൽ നിന്നും പിശാചിൽ നിന്നും വേർപാട് എടുത്തിരിക്കണം. അവയോട് മത്സരിച്ച്, മത്സരിച്ച് വിജയം പ്രാപിച്ചെങ്കിൽ മാത്രമെ ക്രിസ്തുവിനോട് ചേരുവാൻ കഴിയൂ; പരിശുദ്ധാത്മാവിൽ നിറയാൻ കഴിയൂ; ദൈവപിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാനും കഴിയൂ. എബ്രാ.11:8,9-ൽ "എവിടേക്ക് പോകുന്നുവെന്ന് അറിയാതെ പുറപ്പെട്ടുവെന്നും വിശ്വാസത്താൽ അവൻ വാഗ്ദത്തദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ചെന്ന് വാഗ്ദത്തത്തിന് കൂട്ടവകാശികളായ യിസഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട്, ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു" എന്നും നാം വായിക്കുന്നു. അബ്രഹാം പുറപ്പെടുന്നതിനുമുമ്പ്, ദൈവം എങ്ങോട്ട് പുറപ്പെടണമെന്ന് പറഞ്ഞില്ല. പക്ഷേ, ദൈവത്തിന്റെ മനസ്സിലിരിക്കുന്ന സ്ഥലത്തേയ്ക്ക് "വിശ്വാസ"ത്താൽ അവൻ പുറപ്പെട്ടു. കാഴ്ചയായലല്ല വിശ്വാസത്തിലാണ് സകലതും. വിളിച്ചവനിൽ മാത്രമുള്ള സമ്പൂർണ്ണമായ വിശ്വാസവും അനുസരണവും.

എവിടേയ്ക്കെന്നറിയാതെ ദൈവപൈതലിന്റെ യാത്രയെ കണ്ടിട്ട് "ഭ്രാന്തൻ" എന്നല്ലാതെ ലോകം വിളിയ്ക്കില്ല. വക്രതയും കോട്ടവുമുള്ള തലമുറ ദൈവപൈതലിനെ സദാ വിമർശിച്ചുകൊണ്ടിരിക്കുമ്പോഴും പതറാതെ വിശ്വാസജീവിത യാത്ര തുടരുക തന്നെ വേണം. നാം ദൈവത്തിൽ അഥവാ ദൈവവചനത്തിൽ ആണ്. ലോകരോ ദൈവത്തിൽ അഥവാ ദൈവവചനത്തിൽ അല്ല. ലോകത്തിലാണ്. പാപലോകജീവിതത്തിലാണ്. ദൈവപൈതൽ കൃപയാൽ നടത്തപ്പെട്ടുകൊള്ളും. തനിക്കവകാശമായി കിട്ടാനിരുന്ന കാനാൻദേശമെന്ന സ്ഥലത്തേക്ക് തന്നെ അദ്ദേഹം വിശ്വാസത്താൽ യാത്ര ചെയ്തെത്തി. എബ്രാ.11:9,10 വചനങ്ങളിലെത്തുമ്പോൾ അബ്രഹാമിന്റെ അനുസരണം ഭാഗികമായിരുന്നു എന്നു നാം കാണുന്നുണ്ട്. ദൈവം പക്ഷേ അവനോട് ദീർഘക്ഷമ കാണിച്ചു. ദൈവം വിശ്വസ്തനാണ്. നമ്മുടെ പാപങ്ങളോ പിന്മാറ്റമോ കണ്ട് ദൈവം ഒരിയ്ക്കലും കൃപയ്ക്കൊത്തവണ്ണമുള്ള കരുതലിൽ കുറയ്ക്കുകയില്ല.





To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 3

അബ്രഹാം യിസഹാക്കിനോടും യാക്കോബിനോടും കൂടെയാണല്ലോ കൂടാരങ്ങളിൽ പാർത്തത്. അപ്പനെപ്പോലെയും, വല്യപ്പനെപ്പോലെയും വിശ്വാസജീവിതത്തിൽ ഇരുവരും മുൻപന്തിയിൽ തന്നെ നിന്നു. അബ്രാഹം ഒരു വഴിക്കും മക്കളും മക്കളുടെ മക്കളും മറ്റു വഴിക്കുമാണോ? അല്ല, എല്ലാവരും ഒരേ വഴിക്ക്. ദൈവപൈതലേ, നിന്റെ തലമുറയിലോ? 11,12 വാക്യങ്ങളിൽ വിശ്വാസത്താൽ പാറ പോലെ ഉറച്ച് നിന്ന ഒരു ധീര സ്ത്രീരത്നമായി സാറായെ നാം കാണുന്നു. വിശ്വാസത്താൽ തന്നെയാണ് സാറാ പ്രായം കഴിഞ്ഞിട്ടും ഗർഭവതിയാകുന്നത്. വൃദ്ധയായ താൻ പ്രസവിക്കുന്നതെങ്ങനെയെന്ന ഒരു 'ചിരി'യുടെ ചിന്ത (ഉല്പ.18:12,13) സാറായുടെ ഉള്ളിൽ ഇടയ്ക്കുണ്ടായി എന്നത് ശരിയാണ്. ഇവിടെയാണ് "യഹോവയിൽ കഴിയാത്ത കാര്യമുണ്ടോ" (ഉല്പ.18:14) എന്ന ലോകോത്തര വചനം മറുപടിയായി നാം കാണുന്നതും വിശ്വസിച്ചേറ്റെടുക്കുന്നതും. മർക്കൊ.9:23-ഉം ലോകോത്തര വചനമാണ്, "വിശ്വസിക്കുന്നവർക്ക് സകലവും കഴിയും." സാറാ വിശ്വാസത്താൽ ആത്മീയമായി ബലപ്പെട്ടപ്പോൾ ദൈവം അവളുടെ ദുർബ്ബലശരീരത്തെ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ഒരുക്കി.

വാഗ്ദത്തം ചെയ്ത ദൈവത്തിലാണ് സാറാ ഉറച്ചുവിശ്വസിച്ചത്. വന്ദ്യവയോധികനായ അബ്രഹാമിലല്ല. ആരാണ് വാഗ്ദത്തം തന്നത്, അതായിരിക്കണം ഓരോ ദൈവപൈതലിന്റെയും ചിന്ത! ഒരിയ്ക്കലും വാക്കു മാറാത്തവനായ ദൈവത്തിന്റെ വിശ്വസ്തതയാൽ മൃതപ്രായരായവർക്ക് ആകാശത്തിലെ നക്ഷത്രങ്ങളോളം തലമുറയെ ലഭിക്കുകയുണ്ടായി, 'ക്രിസ്തു' എന്ന വാഗ്ദത്ത നിവൃത്തി പാലിക്കാതെ ഹാബേൽ, നോഹ, അബ്രഹാം, യിസഹാക്ക് യാക്കോബ് എന്നിവർ മരിച്ചുവെങ്കിലും അവരുടെ ജീവിതംപോലെ തന്നെ മരണവും ക്രിസ്തുവിന്റെ വരവിൽ വിശ്വസിച്ചുകൊണ്ടായിരുന്നു (എബ്രാ.12:13).

വിശ്വാസവിശുദ്ധവീരന്മാർക്ക് പണവും പ്രതാപവുമൊക്കെ ഉണ്ടായപ്പോഴും അവർ പഴയമതത്തിലേക്ക് തിരിച്ചു പോയില്ല എന്നത് തൊട്ടടുത്ത വചനങ്ങളിലൂടെ നാം മനസ്സിലാക്കുന്നു. അവർ തിരികെ ചെന്നാൽ വലിയ സ്വാഗതവും കിട്ടുമായിരുന്നു. പക്ഷേ വിശ്വാസത്തിൽ തന്നെ ഉറച്ചുനിന്നു.

11:17 ലെത്തുമ്പോൾ "വിശ്വാസത്താൽ അബ്രഹാം താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസഹാക്കിനെ യാഗം അർപ്പിച്ചു'' എന്ന് നാം വായിക്കുന്നു. കത്തി കയ്യിലെടുക്കുമ്പോൾ തന്നെ യാഗമർപ്പിച്ചതിനു തുല്യമായി ദൈവം കാണുകയായിരുന്നു; പരിഗണിക്കുകയായിരുന്നു. അബ്രഹാമിന്റെ അനുസരണം നീതിയായി (പ്രവൃത്തിയായി) ദൈവം കണക്കിടുകയായിരുന്നു. യാതൊരു ബുദ്ധിമുട്ടോ പതർച്ചയോ കൂടാതെ മൂന്നു ദിവസം യാത്ര ചെയ്ത്, ദൈവം കല്പിച്ച മലയിൽ യാഗപീഠമുണ്ടാക്കി, തന്റെ മകന്റെ കൈകാലുകൾ കെട്ടി അവനെ അറിയുവാൻ കയ്യിൽ കത്തിയേന്തിയവന്റെ പ്രവൃത്തിയെ, വിശ്വാസത്തോടെയുള്ള അനുസരണത്തെ ദൈവം യാഗമായി കണക്കിടുന്നു. വിശ്വാസത്തിലൂടെയുള്ള ഈ അനുസരണം യഥാർത്ഥത്തിൽ നടക്കുകയുംയിസഹാക്ക് നീചമായി ബലിയർപ്പിക്കപ്പെടുകയും ചെയ്താൽ ക്രിസ്തു പോലും യിസഹാക്കിന്റെ സന്തതിപരമ്പരയിലൂടെ ജനിക്കാതെ വരുമായിരുന്നു. ഭൂമിയിലെ സകല ജാതികളും ഗോത്രങ്ങളുമൊക്കെ ജനിക്കാതെ പോകുമായിരുന്നു (ഉല്പ.17:7). ഗലാ.3:16-ൽ പറയുന്ന "എന്നാൽ അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദാനങ്ങൾ ലഭിച്ചു. സന്തതികൾക്കും എന്ന് അനേകരെക്കുറിച്ചല്ല, നിന്റെ സന്തതിക്കും എന്ന് ഏകനെക്കുറിച്ചത്രെ പറയുന്നത്, അത് **ക്രിസ്തു** തന്നെ". ഉല്പ.22:18-ൽ "നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും" എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ യിസഹാക്ക് വധം എന്ന ബലി നടക്കുന്നതിനു ഒരു നിമിഷം മുമ്പ് ദൈവം അതുവരെ അബ്രഹാം ചെയ്തത് നീതിയായി കണക്കിട്ട് കത്തി കഴുത്തിൽ വീഴാതെ കൃപ ചൊരിഞ്ഞ് ആ സന്തതിപരമ്പരകളെ തുടരെത്തുടരെ ജനിപ്പിച്ച് ഏറ്റവും ഒടുവിൽ ക്രിസ്തുവും പിറക്കുവാൻ

# Christian Apologetics ക്രിസ്തീയ ന്യായവാദശാസ്ത്രം Part 3

അനുവദിക്കുകയായിരുന്നു.

സകല പരിശോധനകളിലും അബ്രഹാം വിജയിച്ചുവെന്ന് ദൈവം കാണുന്നു. കൽദായരുടെ ഊരിൽ നിന്ന് പുറപ്പെട്ടുപോന്ന അബ്രഹാമിന് വിശ്വാസത്തിന്റെ പ്രവൃത്തിയും പടുവൃദ്ധനായ ശേഷവും മകൻ ജനിക്കുമെന്ന് പറഞ്ഞത് വിശ്വസിച്ചേറ്റെടുക്കാനിടയായതും ദാഹിച്ച് മോഹിച്ച് കിട്ടിയ യിസഹാക്കിനെ യാഗമായി മടി കൂടാതെ അർപ്പിച്ചതും എല്ലാം 100% പരിശോധനകളായിരുന്നു.

വിശ്വാസമെന്നത് ആത്മീയമായ ഏറ്റവും വലിയ ജ്ഞാനമാണ്. ദൈവത്തിന്റെ വാഗ്ദാനങ്ങൾക്ക് വിശ്വാസം വില കൊടുക്കുന്നു. അത് ബുദ്ധിക്കുറവിന്റെ പ്രശ്നമല്ല. പിന്നെയോ ദൈവവചനത്തിൽ വിശ്വസിക്കുന്നു. അത്രതന്നെ. ദൈവം തരുവാൻ പോകുന്ന ഭാവിയെ നോക്കിയുള്ള കൃപ നിറഞ്ഞ സന്തോഷമാണ് വിശ്വാസം. കാണുന്നത് താൽക്കാലികം. കാണാത്തതോ നിത്യം (1 കൊരി.4:18). വിശ്വാസത്തിന്റെ ആത്മീയയാത്രയിൽ അന്യരുടെ നിന്ദയും പരിഹാസവും വിശ്വാസിക്ക് അലങ്കാരവും സമാധാനവും ആണ്.

ഇവിടെ വിശ്വാസവും ന്യാപ്രമാണവും (പഴയനിയമത്തിലുടനീളം പറയുന്ന 10 പ്രമാണങ്ങളും 600-ൽ പരം ധാർമ്മികനിയമങ്ങളും വചനത്തിൽ പറയുന്നതുപോലെ ചെയ്തില്ലെങ്കിൽ ഉണ്ടാകാൻ പോകുന്ന തുടർച്ചയായ ശാപങ്ങളും പുതിയനിയമത്തിലെ കൃപാവിശ്വാസവും, ആ കൃപാ വിശ്വാസം അബ്രഹാമിൽ പഴനിയമ സ്റ്റൈലിൽ ഉണ്ടായിരുന്നു താനും) തമ്മിലുള്ള കാതലായ വ്യത്യാസം ഓരോ ക്രിസ്ത്യാനിയും (പെന്തക്കോസ്തുകാരാകട്ടെ, ബ്രദറൻകാരാകട്ടെ, ന്യൂജനറേഷൻ ചർച്ചുകാരാകട്ടെ Church Of Eternity പോലെയുള്ള ക്രിസ്തീയ ചർച്ചുകാരാകട്ടെ) തിരിച്ചറിയണം.

**ന്യൂക്ലിയസ്സ്**

വേദപുസ്തകത്തിൽ ഉല്പത്തി 3-ാം അദ്ധ്യായം മുതൽ മലാഖിവരെ ശാപത്തിന്റെ ചരിത്രം തുടരുന്നുണ്ട്. പാപത്തിന്റെ ഫലമാണ് ശാപം. ഒരിയ്ക്കലും ആർക്കും ന്യായപ്രമാണം മുഴുവൻ അനുസരിച്ചു നടക്കുവാൻ കഴിയുകയില്ല. കാരണം "മോഹിക്കരുത്" എന്നത് ആർക്കും അനുസരിക്കുവാൻ കഴിയുകയില്ല. പക്ഷേ ആവർത്തനപുസ്തകം 27-ന്റെ 26-ൽ ന്യായപ്രമാണത്തിലെ വചനങ്ങൾ അനുസരിച്ച് നടക്കാത്തവൻ ശപിക്കപ്പെട്ടവൻ എന്ന് മോശെയും പറഞ്ഞിട്ടുണ്ട്. ഇക്കാരണങ്ങളാൽ മനുഷ്യവർഗ്ഗം ശപിക്കപ്പെട്ടവരായിത്തീർന്നിരിക്കുകയാണ് ബൈബിൾ അനുസരിച്ച്. അപ്പോൾ ശാപമോക്ഷത്തിനായി ജനം അമ്പലങ്ങളും പള്ളികളും മോസ്ക്കുകളും കയറിയിറങ്ങുക; ആ മൂന്ന് സ്ഥലങ്ങളിലെയും ദൈവപുരുഷന്മാരോടും, ദൈവസ്ത്രീകളോടും ബന്ധപ്പെടുക, അവർക്കും വിഗ്രഹങ്ങൾക്കും പണവും സ്തോത്രക്കാഴ്ചകളും നേർച്ചകാഴ്ചകളും കഴിവുപോലെയും കഴിവിനപ്പുറവും നൽകുക, എന്നിട്ട് ശാപം തീർന്നെന്ന് കരുതുക, എന്നും ഈ മതാന്ധതയിലും ഭയത്തിലും കഴിയുക-ഇവയാണെന്നും സംഭവിച്ചുകൊണ്ടിരിക്കുന്നത്.

എന്നാൽ അതേ ബൈബിളനുസരിച്ച്, ന്യായപ്രമാണത്താൽ ആരും നീതീകരിക്കപ്പെടുന്നില്ലെന്ന് കരുതുമ്പോഴും പൗലോസ് പറയുന്നു പുതിയനിയമത്തിലേയ്ക്കും ക്രിസ്തുവിലേക്കും വന്നാൽ എല്ലാ ശാപമോക്ഷവും കിട്ടി നാം തീർച്ചയായും നീതീകരിക്കപ്പെടുമെന്ന്.

പാപരോഗം വിദഗ്ധമായി കണ്ടുപിടിക്കുക മാത്രമെ ന്യായപ്രമാണമാകുന്ന ഡോക്ടർ ചെയ്യുന്നുള്ളു. ന്യായപ്രമാണത്തിന് ചികിത്സയില്ല. ചികിത്സ ക്രൂശിതമരണത്തിലൂടെ ക്രിസ്തുയേശു ചെയ്തു. നാം ഈ സത്യം അറിഞ്ഞ് ക്രിസ്തുവിനെ രാജാവായും രക്ഷകനായും ദൈവമായും തിരിച്ചറിഞ്ഞ് വിശ്വസിച്ച് അവനെ (ക്രിസ്തുവിൽ പിതാവും പരിശുദ്ധാത്മാവും നിറഞ്ഞിരിക്കുന്നു) ആത്മാവിലും സത്യത്തിലും ആരാധിക്കാൻ ആരംഭിച്ചാൽ, പാപം തീർന്നു, ശാപം തീർന്നു, ഭയം തീർന്നു, നരകവും തീർന്നു.

യേശുക്രിസ്തുവിന്റെ ക്രൂശിൽ തൂങ്ങിയുള്ള (ശാപ)




മരണം പാപിയുടെ പാപപ്പരിഹാരാർത്ഥമുള്ള ഏറ്റവും വലിയ ചികിത്സയായിരുന്നു. അതുകൊണ്ട് ആ മരണത്തിൽ വിശ്വസിച്ചാശ്രയിക്കുന്നവർ കർത്താവിന്റെ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെടുകയും തുടർപാപങ്ങൾ ചെയ്യാതിരിക്കത്തക്കവണ്ണം പരിശുദ്ധാത്മനിറവിന് യോഗ്യരായിത്തീരുകയും ചെയ്യപ്പെടുകയാണ്. യേശുവിന്റെ രക്തവിലയായിവിശ്വസിക്കപ്പെടുന്നവർ വീണ്ടെടുക്കപ്പെടുകയായി. അവർ പാപത്തിന്റെയും, പിശാചിന്റെയും, ശാപത്തിന്റെയും സകലവിധ പാരതന്ത്ര്യങ്ങളുടെയും അടിമച്ചങ്ങലയുടെ കെട്ടിൽ ആയിരുന്നു. എന്നാൽ ക്രിസ്തുവിൽ വിശ്വസിച്ചാരാധിക്കുവാൻ തുടങ്ങുന്നതോടെ അവർ സ്വർഗ്ഗീയസ്വാതന്ത്ര്യത്തിലായി. ഇതാണ് ബൈബിളിന്റെ ന്യൂക്ലിയസ്സ്. 1 പത്രോ.1:18,19 "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി, മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ". തീത്തോസ് 2:14-ലും ഈ പരമമായ സത്യം



**നടുവേദനക്ക് സൗഖ്യം**

ഞാൻ ഉദയശ്രീ. കോഴിക്കോട് ജില്ലയിൽ അത്താണിക്കൽ എന്ന സ്ഥലത്ത് താമസിക്കുന്നു. ഞാൻ 11 വർഷമായി ഭയങ്കരമായ നടുവേദനയാൽ ക്ലേശിക്കുകയായിരുന്നു. നടക്കുവാൻ പോലും വളരെ ബുദ്ധിമുട്ടായിരുന്നു. എന്നാൽ കോഴിക്കോട് നടന്ന ദേവസ്യാമുല്ലക്കരസാറിന്റെ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കുകയും വ്യക്തിപരമായ കൈവെയ്പ്പു പ്രാർത്ഥനയിൽ സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തതിനുശേഷം എനിക്ക് നടക്കുവാനും അത്യാവശ്യം ജോലികളും ചെയ്യാനും സാധിക്കുന്നു. എനിക്ക് ആരോഗ്യം തന്ന കർത്താവിനെ ഞാൻ സ്തുതിക്കുന്നു.

**ഉദയശ്രീ, അത്താണിക്കൽ, കോഴിക്കോട്**
**Ph: 9061262252**

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്
(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |




പറഞ്ഞിരിക്കുന്നു. "അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും ''വീണ്ടെടുത്ത്'' സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു ''സ്വന്തജന''മായി തനിക്ക് ശുദ്ധീകരിക്കേണ്ടതിന് തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു.

**എബ്രാ.11:9**

"മരിച്ചവരുടെ ഇടയിൽ നിന്നുയിർപ്പിപ്പാൻ ദൈവം ശക്തനെന്ന് എണ്ണുകയും അവരുടെ ഇടയിൽ നിന്നെഴുന്നേറ്റവനേപ്പോലെ അവനെ തിരികെ പ്രാപിക്കുകയും ചെയ്തു." മകനെ കൊല്ലാൻ ദൈവം പറഞ്ഞു. താൻ അത് ചെയ്യും. കാരണം താൻ അല്ല വലുത്, ദൈവമാണ്. മകൻ കൊല്ലപ്പെട്ടാലും മരിച്ചവരുടെയിടയിൽ നിന്ന് മകനെ ഉയിർപ്പിക്കുവാൻ ദൈവത്തിന് കഴിയുമെന്ന് വിശ്വസിക്കുന്നു എന്ന് അബ്രഹാം ദൃഢനിശ്ചയം ചെയ്തു. ഇത് വിശ്വാസത്തിന്റെ ഒരു സവിശേഷതയാണ്. ജീവിതത്തിന്റെ സകല സംഭവങ്ങളും ദൈവത്തെ ഭരമേല്പിക്കുക. യോഹ.8:56-ൽ "നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു, അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു'' എന്നുത്തരം പറഞ്ഞു. യിസഹാക്കിന്റെ വിശ്വാസവും ജോസഫിന്റെ വിശ്വാസവും വിശദീകരിക്കാതെ മോശയിലേക്ക് കടക്കട്ടെ! എന്നാൽ വിശ്വാസവീരന്മാരായ അവരുടെ വിശ്വാസവും വിസ്താരഭയത്താൽ വിശദീകരിക്കുന്നില്ലെന്നേയുള്ളൂ.

**എബ്രാ.11:23-28**



**പ്രാർത്ഥനയാൽ കാലുകൾ ബലം പ്രാപിച്ചു.**

ഞാൻ ബിനുമോൻ. ആറ്റിങ്ങലാണ് സ്വദേശം. എനിക്ക് 3 വർഷം മുമ്പുണ്ടായ ഒരു ബൈക്ക് ആക്സിഡന്റിൽ ഇടതുകാലിന്റെ തുടയെല്ലും മുട്ടുചിരട്ടയും പൊട്ടി. ഡോക്ടേഴ്സിനെ കാണിച്ചപ്പോൾ അസ്ഥിയിൽ കാൽസ്യത്തിന്റെ അളവ് കുറവാണെന്നും അതുകൊണ്ട് കാലിന്റെ ബലം കുറയുമെന്നും പൊട്ടൽ സുഖപ്പെടുവാൻ ബുദ്ധിമുട്ടാണെന്നും പറഞ്ഞു. ഞാൻ വളരെയേറെ പ്രയാസമനുഭവിച്ച ഒരു സമയമായിരുന്നു അത്. അങ്ങനെയിരിക്കെയാണ് തിരുവന്തപുരത്തുള്ള ആത്മാഭിഷേകം വർഷിപ്പ്സെന്ററിൽ ഞാൻ ദേവസ്യാമുല്ലക്കരസാറിനെക്കൊണ്ട് പ്രാർത്ഥിപ്പിക്കുവാനായി കടന്നു വന്നത്. അത്ഭുതമെന്ന് പറയട്ടെ സാർ പ്രാർത്ഥിച്ച നമിഷം മുതൽ എനിക്ക് കാലിന് കൂടുതൽ ശക്തി കിട്ടി. ആശുപത്രിയിൽ ചെന്ന് പരിശോധിച്ചപ്പോൾ കാൽസ്യത്തിന്റെ അളവ് കൂടാൻ തുടങ്ങിയെന്നും ഇനി പെട്ടെന്ന് പൊട്ടൽ സുഖപ്പെടുമെന്നും പറഞ്ഞു. എന്നെ അനുഗ്രഹിച്ച എന്റെ കർത്താവിന് നന്ദിയും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു.

**ബിനുമോൻ,ആറ്റിങ്ങൽ, Ph: 9447599376, 8281709376**



# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 3

"വിശ്വാസത്താൽ മോശെയുടെ ജനനത്തിങ്കൽ ശിശു സുന്ദരൻ എന്ന് അമ്മയപ്പന്മാർ കണ്ടു. രാജാവിന്റെ കല്പന ഭയപ്പെടാതെ അവനെ മൂന്നുമാസം ഒളിച്ചുവെച്ചു. വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തെക്കാളും ദൈവജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നത് തിരെഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകനെന്ന് വിളിക്കപ്പെടുന്നത് നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു. വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചുനിൽക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടുപോന്നു. വിശ്വാസത്താൽ അവൻ കടിഞ്ഞൂലുകളുടെ സംഹാരകൻ അവനെ തൊടാതിരിപ്പാൻ പെസഹായും ചോരത്തളിയും ആചരിച്ചു."

പുറപ്പാട് പുസ്തകാരംഭമാണ് സന്ദർഭം. യോസഫ് മരിച്ചിട്ട് 400 വ്ഷം കഴിഞ്ഞു. യിസ്രയേൽ മക്കൾ മിസ്രയീമിൽ കഷ്ടപ്പടുകയാണ് (യോശു.24:14). പുറ.6:20 അനുസരിച്ച് അമ്രാം, യോഖേബേദ് എന്നിവരായിരുന്നു മോശെയുടെ മാതാപിതാക്കൾ. ഇവർ രണ്ടുപേരും വിശ്വാസത്താൽ മറ്റുള്ളവരെ അപേക്ഷിച്ച് മെച്ചമായിരുന്നു. "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമ.10:17).

വീണ്ടുംജനനത്തിങ്കൽ (യോഹ.3:5,8) ആണ് യഥാർത്ഥ വിശ്വാസം ആരംഭിക്കുന്നത്. മത്താ.16:24-ൽ പറയുന്നതുപോലെ "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" ജഡത്തെ പ്രസാദിപ്പിച്ചുകൊണ്ടിരിക്കുന്ന സകലത്തെയും എന്നന്നേയ്ക്കുമായി ഉപേക്ഷിക്കുന്നതിനെയാണ് കർത്താവ് ഈ വാക്യത്തിലൂടെ ഉയർത്തിപ്പിടിക്കുന്നത്. ആരോഗ്യത്തോടെ ജീവനെ നിലനിർത്താൻ ഏതാശുപത്രി വരെയും ഏതറ്റം വരെയും ആളുകൾ പോകും. പക്ഷെ മത്താ.16:25-ൽ കർത്താവ് പറയുന്നത്: "ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും"എന്നാണ്. മോശെയുടെ വിശ്വാസം കർത്താവ് രൂപപ്പെടുത്തിക്കൊടുത്തത് സ്വജീവനോടൊ സമ്പത്തിനോടൊ ബഹുമതിയാർജ്ജിക്കലിനോടൊ താല്പര്യമുണ്ടാകാത്ത വിധത്തിലായിരുന്നു. ഫറവോന്റെ പുത്രിയുടെ മകനെന്ന് വിളിക്കപ്പെടാൻ മോശെ ഇഷ്ടപ്പെടാതിരുന്നത് ബഹുമതികളോടൊ സ്ഥാനമാനങ്ങളോടൊ വലിയ താല്പര്യങ്ങളില്ലാതിരുന്നതിനാലാണ്. ഒരു രാജ്യത്തെയും അതിന്റെ സകല അധികാരങ്ങളെയും മോശെ ഉപേക്ഷിച്ചു. ഫറവോന്റെ കൊട്ടാരത്തിലെ പദവികളും ആർഭാടങ്ങളും എല്ലാം മോശെ ഉപേക്ഷിച്ചു. മിസ്രയീമിന്റെ ബഹുമാനങ്ങൾ നിരസിച്ചതും, മിസ്രയീമിന്റെ ഭോഗങ്ങൾ വേണ്ടെന്ന് വച്ചതും നിക്ഷേപങ്ങൾ നിരസിച്ചതും, ഒക്കെ ആത്മീയപരിജ്ഞാനത്തിന്റെയും പക്വതയുടെയും വളർച്ച കൊണ്ടായിരുന്നു. 2 കൊറി.5:14-ൽ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു എന്നു പറഞ്ഞതുപോലെ ദൈവസ്നേഹത്താൽ മോശെ സകലതും ഉപേക്ഷിച്ച്, ക്രിസ്തുവിന്റെ നിന്ദയെ സ്വീകരിക്കുകയായിരുന്നു.

പുറ.14:13,14 വാക്യങ്ങളിൽ പതറിയ ജനത്തോട് മോശെ പറയുകയാണ് "ഭയപ്പെടേണ്ട ഉറച്ചുനിൽപ്പിൻ, യഹോവ ഇന്ന് നിങ്ങൾക്ക് ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ, നിങ്ങൾ ഇന്ന് കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും. നിങ്ങൾ മിണ്ടാതിരിപ്പിൻ." മിസ്രയീം വിട്ടുപോന്നു എന്നതാണ് വിശ്വാസത്തിന്റെ പ്രവൃത്തി.

എബ്രാ. 11:28 "വിശ്വാസത്താൽ അവൻ കടിഞ്ഞൂലുകളുടെ സംഹാരകൻ അവരെ തൊടാതിരിപ്പാൻ പെസഹായും ചോരത്തളിയും ആചരിച്ചു."

**എബ്രായർ 11:29: വിശ്വാസത്താൽ അവർ ചെങ്കടൽ കടന്നു.**

പഴയനിയമ-പുതിയനിയമ സംഭവങ്ങളിൽ എന്തുകൊണ്ടും അത്ഭുതകരമായ ഒരു സംഭവമാണ് ചെങ്കടൽ

# Christian Apologetics
# ക്രിസ്തീയ ന്യായവാദശാസ്ത്രം
## Part 3

കടന്നത്. ദൈവകൃപയാൽ യിസ്രയേല്യർ ചെങ്കടൽ കടന്നു. വെള്ളം ഇരുവശവും മതിൽ പോലെ ഉയർന്നു നിന്നു. ഒരാൾക്കും വിശ്വാസത്താലല്ലാതെ ജലഭിത്തികൾക്കിടയിലൂടെ നടന്നു നീങ്ങുവാൻ കഴിയുകയില്ല. എന്നാൽ വിശ്വാസമില്ലാത്ത മിസ്രയീമ്യർ യിസ്രേല്യരെ അനുഗമിക്കുവാൻ ഇച്ഛിച്ചപ്പോൾ അത് വമ്പൻ പരാജയമായിപ്പോയി. യെരീഹോ മതിൽ വീണതും വിശ്വാസത്താലായിരുന്നു.

യെരീഹോ ലോകത്തിന്റെ നിഴലാണ്. ലോകമനുഷ്യരുടെ ഉപാധികൾ സ്വീകരിച്ച് നാം ലോകത്തെ ഒരിക്കലും പരാജയപ്പെടുത്തരുത്. വിശ്വാസത്താൽ കീഴടക്കുകയും വേണം. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രനെന്ന് വിശ്വസിക്കുന്നവനല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ? (1 യോഹ.5:4,5). യിസ്രയേലിന്റെ ദൈവത്തിലുണ്ടായിരുന്ന വിശ്വാസമാണ് റാഹാബിനുണ്ടായ മന:പരിവർത്തനത്തിനു കാരണം (യോശു.2:11). അവൾക്ക് യേശുവിന്റെ വല്യമ്മയാകുവാനുള്ള ഭാഗ്യമുണ്ടായി (മത്താ.1:5). യാക്കോബ് 2:21,25-ലാണെങ്കിൽ വിശ്വാസത്തെ പ്രവൃത്തികളാൽ തെളിയിക്കുന്നതിന് രണ്ടുദാഹരണങ്ങൾ കൊടുത്തതിൽ മോശെയോടൊപ്പം റാഹാബും ജയിച്ചുനിൽക്കുന്നു.

വിശ്വാസത്താൽ രാജ്യങ്ങളെ അടക്കി (32) യേശുവിലൂടെ ന്യായാധിപന്മാരുടെയും ദാവീദിന്റെയും വിജയങ്ങളാണുദ്ദേശിക്കപ്പെടുന്നത്. ദാനിയേലാണ് സിംഹങ്ങളുടെ വായ് അടച്ചത് (ന്യായാ.14:6, 1ശമു.17:34,35, ദാനി.6:22). തീയുടെ ബലം കെടുത്തിയത് ശദ്രക്കും, മേശക്കും അബേദ്നെഗോവും ആണ് (ദാനി.3:26). ഏലിയാവും, ഏലീശായും, യിരമ്യാവും ആണ് (1 രാജാ.19:2,1 രാജാ.6:31, യിര.36:26) വാളിന്റെ വായ്ക്ക് തെറ്റിയൊഴിഞ്ഞവർ. സാരേഫത്തിലെ വിധവയ്ക്കും ശൂനേംകാരിക്കുമാണ് മരിച്ചവരെ ഉയിർപ്പിച്ച് തിരികെ ലഭിച്ചത് (1 രാജാ.17:23, 2 രാജാ.4:34,37). നായിനിലെ വിധവയുടെ മകനും മാർത്താമറിയം പെങ്ങന്മാരുടെ ആങ്ങള ലാസറിനും തബീത്തായ്ക്കും ഉയിർത്തെഴുന്നേൽപ്പ് ലഭിച്ചല്ലോ പുതിയനിയമത്തിലും (ലൂക്കോ.7:15. യോഹ.11:43, അപ്പൊ.9:40, 45).

മർമ്മങ്ങൾ

**വിശ്വാസത്തിന്റെ പൂർത്തീകരണം ക്രിസ്തുവിലാണ് (എബ്രാ.12:2).**

**വിശ്വാസത്തിന്റെ നായകൻ ക്രിസ്തുവാണ്.**

**ക്രിസ്തു ദൈവപുത്രനും മനുഷ്യപുത്രനുമാണ്.**

**ക്രിസ്തു ന്യായധിപനാണ്. ദൈവമാണ്. ത്രീത്വത്തിൽ മദ്ധ്യസ്ഥനാണ്. സ്കലത്തിന്റെയും സ്രോതസ്സാണ്.**

**പിതാവ്.**

പിതാവ് തന്റെ സർവ്വ സമ്പൂർണ്ണതയോടെ പുത്രന്റെ ആളത്തത്തിൽ വെളിപ്പെട്ടിരിക്കുന്നു. പുത്രൻ പിതാവിന്റെ ആവിഷ്ക്കാരവും മൂർത്തീഭാവവുമാണ്. പുത്രനല്ലാതെ ആരും പിതാവിനെയും പിതാവല്ലാതെ ആരും പുത്രനെയും അറിഞ്ഞാവിഷ്ക്കരിക്കുന്നില്ല. പിതാവ് പുത്രനിൽ പദ്ധതിയിട്ട മനുഷ്യാവതാരവും രക്ഷാകരമായ ക്രൂശുമരണവും, പുനരുത്ഥാനവും സ്വർഗ്ഗത്തിലേക്കുള്ള ആരോഹണവും, പരിശുദ്ധാത്മപ്രേഷണവും, വീണ്ടുംവരവും - അതിൽ അവസാനത്തേതൊഴികെ എല്ലാം നടന്നു കഴിഞ്ഞു.

മനുഷ്യപ്രകൃതിയിൽ മുപ്പത്തിമൂന്നര വർഷക്കാലം ദൈവം ഭൂമിയിൽ ജീവിച്ചു. സാത്താനും, പാപത്തിൽ വീണ മനുഷ്യനും, പാപലോകമതങ്ങളും അവനെ ക്രൂശിലേറ്റിയെങ്കിലും ലജ്ജിച്ചവസാനിപ്പിച്ചു. പരിശുദ്ധാത്മപ്രേഷണത്തിലൂടെ ദൈവം മനുഷ്യനിലും മനുഷ്യൻ ദൈവത്തിലുമായി; അതിനുവേണ്ടി പരിശുദ്ധാത്മാവിനെ നമുക്ക് പകർന്നു തന്നിരിക്കുന്നു. ദൈവം തന്റെ മൂന്ന് ആളത്തങ്ങളിൽ അവനെ തന്നെ നമ്മോടു ചേർക്കുന്നു. അകത്തിരുന്ന് ത്രീത്വം നമ്മളെ അഭിഷേകം ചെയ്തുകൊണ്ടിരിക്കുന്നു. ഓരോ ദിവസവും ക്രിസ്തുവിനെ (വചനത്തെ) ഭക്ഷിച്ചുകൊണ്ട് നാം വളരുന്നു. യോഹ.6:57-ൽ വായിക്കുന്നതുപോലെ "ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ (വചനത്തെ) എന്മൂലം ജീവിക്കും. (തുടരും....)




## ക്രൈസ്തവർ ഭീതിയോടെ കഴിയുന്നു.

ഐ.എസ് ഭീഷണി: സ്വീഡൻ ക്രൈസ്തവർ ഭീതിയോടെ കഴിയുന്നു. ഗോതൻ ബെർഗ് ഇസ്ലാമിക് സ്റ്റേറ്റ് ജിഹാദികളുടെ ഭീഷണിയെത്തുടർന്ന് സ്വീഡൻ നഗരത്തിലെ ക്രൈസ്തവർ ഭീതിയോടെയാണ് ജീവിക്കുന്നത്.

പ്രമുഖനഗരമായ ഗോതൻബർഗിൽ ഐഎസ് ജിഹാദികൾക്ക് സ്വാധീനമുണ്ട്. ഇവിടെ താമസിച്ചിരുന്ന സ്വീഡിഷ് അസ്സിറിയൻ ക്രൈസ്തവരായ പലരും നഗരം വിട്ട് മറ്റു സ്ഥലങ്ങളിലേക്ക് പോയി. ഇതിനെതുടർന്ന് ക്രൈസ്തവർ പ്രതിഷേധ റാലി നടത്തി. "മതം മാറുക അല്ലെങ്കിൽ മരിക്കുവാൻ തയ്യാറാകുക''. ''ഖലീഫ ഇവിടെയുണ്ട്'' എന്നുള്ള വാചകങ്ങൾ നഗരത്തിലെ ചുവരുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഐ.എസ് തീവ്രവാദികൾ എഴുതിയതായിരുന്നു ഇതെന്ന് സ്വീഡിഷ് അസ്സിറിയൻ ക്രൈസ്തവനായ മർക്കോസ് സാമുവൽസൺ പറഞ്ഞു. ക്രിസ്ത്യാനികൾ ഇസ്ലാമിലേക്ക് മതം മാറുക അല്ലെങ്കിൽ ചുങ്കം തരിക എന്നുള്ള ഭീഷണിയും ഇവിടെ നിലനിൽക്കുന്നു.

ഗോതൻബർഗിൽ ഏകദേശം മൂവായിരം അസ്സിറിയൻ ക്രൈസ്തവർ താമസിക്കുന്നുണ്ട്. ഇവിടെനിന്നും 150-ഓളം മുസ്ലീങ്ങൾ ഐ.എസ്സിൽ ചേരുവാനായി പോയിട്ടുണ്ടെന്നാണ് കണക്ക്. ഇവിടെ താമസിക്കുന്ന ക്രൈസ്തവർ ഭീതിയോടെയാണ് കഴിയുന്നത്.

കടപ്പാട്:
www.descipleship.com


### STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara




## DUBAI Healing and Deliverance Meetings

ആഗസ്റ്റ് 15-18 Newyork (USA) cont.no: 001 315 299 4057 (Varkey sir)

ആഗസ്റ്റ് 18-26 U.A.E (Dubai, Sharjah & Abu Dhabi)

Pr. Jiji Antony, cont.no: **00971 503 631158**

ആഗസ്റ്റ് 28 എറണാകുളം കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. 10 am-3 pm
Ph:9388487301, 9745971555, 9947217398

സെപ്റ്റംബർ 10 തിരുവല്ല കൺവെൻഷൻ. ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ. മഞ്ഞാടി
Ph:9446745148 10 am-3 pm

സെപ്റ്റംബർ 11 പാറശ്ശാല. കൺവെൻഷൻ.
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാ കോട്ടേജ്, പുത്തൻകട
റെയിൽവേ പാലത്തിന് സമീപം. Ph:9744569559 10 am-1 pm
തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ് മിനിഹാൾ
Ph:9446718242 2.30 Pm-5.30 pm

സെപ്റ്റംബർ 13-17 ബത്തേരി. സോണൽ മീറ്റിംഗ്. Ph:9446952562

സെപ്റ്റംബർ 18 കോഴിക്കോട്, കൺവൻഷൻ. വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം.
ബാങ്ക്റോഡ്. Ph:9961854203. 10 am-3 pm

സെപ്റ്റംബർ 19 കൊല്ലം. കൺവൻഷൻ. CSI കൺവൻഷൻ സെന്റർ
Ph:9847872731, 9946586728 10 am-3 pm

**എല്ലാ രണ്ടാം ശനിയാഴ്ചകളിലും**

തിരുവല്ല കൺവെൻഷൻ. ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി. Ph:9446745148

**എല്ലാ രണ്ടാം ശനിയും**

കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിൽ തിരുവനന്തപുരം, പാറശ്ശാല കൺവെൻഷൻ
Ph:9446718242, Ph:9744569559

**എല്ലാ മൂന്നാം ഞായറാഴ്ചകളിലും**

കോഴിക്കോട് കൺവെൻഷൻ, വ്യാപാരഭവൻ (കുരിശുപള്ളിക്ക് സമീപം) Ph:9961854203

ATHMABHISHEKAM MONTHLY
2016 AUGUST
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th August 2016

ചർച്ച് ഓഫ് ഇറ്റേണിറ്റി
നയിക്കുന്ന

# ഇസ്രായേൽ യാത്ര

## 2016 ഒക്ടോബർ 5 ന്

**യേശുവിന്റെ കാല്പാടുകൾ പതിഞ്ഞ
മണ്ണിൽ ദേവസ്യാ സാറിനൊപ്പം 10 ദിവസങ്ങൾ
പ്രാർത്ഥനയിൽ ചിലവഴിക്കാൻ അവസരം**

**അന്വേഷണങ്ങൾക്ക്**

**9388487301, 9020806465**


THE TOMB OF JESUS


THE BAPTISM SITE


MOUNT CALVARY


MOUNT OF TEMPTATION


BIRTHPLACE OF JESUS


GARDEN OF GETHSEMANE


THE UPPER ROOM


MOUNT OF BEATITUDES

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).